# ആണ്ടുവട്ടം

1. ആണ്ടുവട്ടത്തിൽ 33-ഓ 34-ഓ ആഴ്ചകൾ ഉണ്ടായിരിക്കും. ജനുവരി ആറാം തീയതി കഴിഞ്ഞുവരുന്ന ഞായറിനുശേഷമുള്ള തിങ്കളാഴ്ച, ആണ്ടുവട്ടത്തിന്റെ ആദ്യഭാഗം, തുടങ്ങുകയും തപസ്സുകാലത്തിന്റെ ആരംഭംവരെ തുടരുകയും ചെയ്യുന്നു. പെന്തക്കൊസ്താഞായറിനുശേഷമുള്ള തിങ്കളാഴ്ച വീണ്ടും ആരംഭിക്കുകയും ആഗമനകാലം ഒന്നാം ഞായറിനുമുമ്പുള്ള ശനിയോടെ അവസാനിക്കുകയും ചെയ്യുന്നു.

2. ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളും ഇടദിവസങ്ങളും താഴെക്കൊടുത്തിരിക്കുന്നതുപോലെ തിട്ടപ്പെടുത്തുന്നു:

a. കർത്താവിന്റെ ജ്ഞാനസ്നാനതിരുനാളിലെ ഞായർ, ആണ്ടുവട്ടത്തിലെ ആദ്യഞായറായിരിക്കും. അതിനുശേഷമുള്ള ആഴ്ച ആണ്ടുവട്ടത്തിലെ ഒന്നാമത്തെ ആഴ്ചയായിരിക്കും. ശേഷിച്ച ഞായറാഴ്ചകളും ഇടദിവസങ്ങളും തപസ്സുകാലത്തിന്റെ ആരംഭംവരെ ക്രമമായി തിട്ടപ്പെടുത്തുന്നു.

b. ആണ്ടുവട്ടത്തിൽ 34 ആഴ്ചകളുണ്ടെങ്കിൽ, പെന്തക്കൊസ്തായ്ക്കുശേഷം വരുന്ന ആഴ്ച തപസ്സുകാലത്തിനുമുമ്പുള്ള ആഴ്ചക്ക് തുടർച്ചയായി തിട്ടപ്പെടുത്തുന്നു. എങ്കിൽത്തന്നെയും പെന്തക്കൊസ്താഞായറും പരിശുദ്ധത്രിത്വത്തിന്റെ മഹോത്സവവും ഞായറാഴ്ചകളുടെ ദിവ്യബലിയായിരിക്കും. എന്നാൽ ആണ്ടുവട്ടത്തിൽ 33 ആഴ്ചകളേ ഉള്ളെങ്കിൽ, പെന്തക്കൊസ്തായ്ക്കുശേഷമുള്ള ആഴ്ച വിട്ടുകളയുന്നു

3. ദിവ്യപൂജാഗ്രന്ഥത്തിൽ ഇക്കാലയളവിലെ ഞായറാഴ്ചകളിലും ഇടദിവസങ്ങളിലും 34 ദിവ്യപൂജകൾ ഉപയോഗിക്കുന്നത് താഴെപ്പറയുന്ന രീതിയിലായിരിക്കും:

a. കർത്താവിന്റെ മഹോത്സവമോ തിരുനാളോ ഞായറാഴ്ചകളിൽ വരാത്തപക്ഷം, ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിൽ ആ ഞായറാഴ്ചയുടെ ദിവ്യപൂജ തത്തുല്യമായി ഉപയോഗിക്കുന്നു.

b. ഇടദിവസങ്ങളിൽ, 34 ദിവ്യപൂജകളിൽനിന്ന് വിശ്വാസികളുടെ അജപാലനാവശ്യങ്ങളനുസരിച്ച് ഏതെങ്കിലുമൊന്ന് ചൊല്ലാവുന്നതാണ്.

4. ഞായറാഴ്ചകളിൽ അത്യുന്നതങ്ങളിലും വിശ്വാസപ്രമാണവും ചൊല്ലുകയും ഇടദിവസങ്ങളിൽ അവ വിട്ടുകളയുകയും ചെയ്യുന്നു.

5. പ്രത്യേക ആമുഖഗീതിയുള്ള സ്തോത്രയാഗപ്രാർഥന ഉപയോഗിക്കാത്ത പക്ഷം, ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിലുള്ള ആമുഖഗീതികളിൽനിന്ന് ഞായറാഴ്ചകളിലും (pp. ) പൊതുവായ ആമുഖഗീതികൾ ഇടദിവസങ്ങളിലും ചൊല്ലുന്നു (pp. ).

6. രണ്ട് ദിവ്യഭോജന പ്രഭണിതങ്ങളിൽ, ആദ്യത്തേത് സങ്കീർത്തനങ്ങളിൽനിന്നും മറ്റേത് സുവിശേഷങ്ങളിൽനിന്നുമായിരിക്കും. സാഹചര്യമനുസരിച്ച് രണ്ടിലൊന്ന് തിരഞ്ഞെടുക്കാം; എങ്കിലും സുവിശേഷത്തിനു യോജിച്ചതിന് മുൻഗണന കൊടുക്കേണ്ടതാണ്.

# ആണ്ടുവട്ടം ഒന്നാംഞായർ

ആണ്ടുവട്ടത്തിലെ ഒന്നാംഞായർ കർത്താവിന്റെ ജ്ഞാനസ്നാനതിരുനാളായിരിക്കും, pp.

## പ്രവേശകപ്രഭണിതം

ഉന്നതസിംഹാസനത്തിൽ ഒരു മനുഷ്യനിരിക്കുന്നത് ഞാൻ കണ്ടു; മാലാഖവൃന്ദം, ഏകസ്വരത്തിൽ ഉദ്ഘോഷിച്ചുകൊണ്ട് അവിടത്തെ ആരാധിക്കുന്നു: ഇതാ, അവിടത്തെ രാജ്യത്തിന്റെ നാമം എന്നേക്കും നിലനില്ക്കും.

## സമിതിപ്രാർഥന

കർത്താവേ, കേണപേക്ഷിക്കുന്ന ജനത്തിന്റെ പ്രാർഥന സ്വർഗീയകാരുണ്യത്തോടെ ശ്രവിക്കണമേ. അങ്ങനെ, അവർ ചെയ്യേണ്ടവ കാണാനും കണ്ടവ നിവർത്തിക്കാനും ശക്തരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ ജനത്തിന്റെ കാഴ്ചയർപ്പണം അങ്ങേക്ക് പ്രീതികരമാകണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അതുവഴി വിശുദ്ധീകരണം വീണ്ടെടുക്കാനും ഭക്തിയോടെ പ്രാർഥിക്കുന്നവ പ്രാപിക്കാനും ഇടയാകുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം — സങ്കീ 35,10

കർത്താവേ, അങ്ങിലാണ് ജീവന്റെ ഉറവ. അങ്ങയുടെ പ്രകാശത്തിലാണ് ഞങ്ങൾ പ്രകാശം കാണുന്നത്.

**അഥവാ** — **യോഹ 10,10**

കർത്താവ് അരുൾചെയ്യുന്നു: ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്.

## ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, അങ്ങയോട് കേണുകൊണ്ട് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ രഹസ്യങ്ങളാൽ അങ്ങ് പരിപോഷിപ്പിക്കുന്ന ഇവരെ അങ്ങേക്ക് പ്രീതികരമായ പ്രവർത്തനശൈലിയിലൂടെ യോഗ്യമായി ശുശ്രൂഷചെയ്യാൻ അനുഗ്രഹിക്കുകയുംചെയ്യണമേ. കർത്താവായ...

## ആണ്ടുവട്ടം രണ്ടാം ഞായർ

**പ്രവേശകപ്രഭണിതം** **സങ്കീ 65,4**

അത്യുന്നതനായ ദൈവമേ, ഭൂമി മുഴുവനും അങ്ങയെ ആരാധിക്കുകയും അങ്ങയെ പാടിപ്പുകഴ്ത്തുകയും അങ്ങയുടെ നാമത്തിന് സ്തോത്രമാലപിക്കുകയും ചെയ്യുന്നു.

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, സ്വർഗവും ഭൂമിയും ഒന്നുപോലെ അങ്ങ് നിയന്ത്രിക്കുന്നുവല്ലോ. അങ്ങേ ജനത്തിന്റെ പ്രാർഥനകൾ ദയാപൂർവം ശ്രവിക്കുകയും ഞങ്ങളുടെ കാലയളവിൽ അങ്ങേ സമാധാനം നല്കുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ ബലിയുടെ ഓർമ ആഘോഷിക്കുമ്പോഴെല്ലാം ഞങ്ങളുടെ പരിത്രാണത്തിന്റെ പ്രവർത്തനമാണല്ലോ നിവർത്തിക്കപ്പെടുന്നത്. അതിനാൽ ഈ രഹസ്യങ്ങളിൽ യോഗ്യതയോടെ പങ്കെടുക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 22, 5**

എന്റെ മുമ്പിൽ അങ്ങ് വിരുന്നൊരുക്കി; അമൂല്യമായ എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു.

**അഥവാ** **യോഹ 4,16**

ദൈവത്തിന് നമ്മോടുള്ള സ്നേഹം നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ സ്നേഹത്തിന്റെ ചൈതന്യം ഞങ്ങളിൽ നിറയ്ക്കണമേ. ഒരേ സ്വർഗീയ അപ്പത്താൽ അങ്ങ് പരിപോഷിതരാക്കിയ ഇവരെ ഒരേ ഭക്താനുഷ്ഠാനത്താൽ ഒരുമയുള്ളവരാക്കിത്തീർക്കണമേ. കർത്താവായ...

# ആണ്ടുവട്ടം മൂന്നാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 95, 1.6**

കർത്താവിന് ഒരു പുതിയ കീർത്തനം ആലപിക്കുവിൻ, ഭൂമിമുഴുവനും കർത്താവിനെ പാടിസ്തുതിക്കട്ടെ. സ്തുതിയും സൗന്ദര്യവും അവിടത്തെ സന്നിധിയിലുണ്ട്, വിശുദ്ധിയും തേജസ്സും അവിടത്തെ വിശുദ്ധമന്ദിരത്തിലും.

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ പ്രവൃത്തികൾ അങ്ങേ ഇഷ്ടാനുസരണം നയിക്കണമേ. അങ്ങനെ, അങ്ങേ പ്രിയപുത്രന്റെ നാമത്തിൽ സത്പ്രവൃത്തികളാൽ അഭിവൃദ്ധിപ്രാപിക്കാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഞങ്ങളുടെ കാഴ്ചദ്രവ്യങ്ങൾ പ്രീതിയോടെ സ്വീകരിക്കണമേ. അവ വിശുദ്ധീകരിച്ച്, ഞങ്ങൾക്ക് രക്ഷയായി ഭവിക്കാൻ കനിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 33,6**

കർത്താവിങ്കലേക്ക് വരുകയും പ്രകാശിതരാകുകയും ചെയ്യുവിൻ, നിങ്ങളുടെ മുഖം ലജ്ജിക്കാതിരിക്കട്ടെ.

**അഥവാ** **യോഹ 8,12**

കർത്താവ് അരുൾചെയ്യുന്നു: ഞാൻ ലോകത്തിന്റെ പ്രകാശമാണ്; എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല, അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും.

**ദിവ്യഭോജനപ്രാർഥന**

സർവശക്തനായ ദൈവമേ, അങ്ങേ ജീവദായകമായ കൃപ സ്വീകരിച്ചുകൊണ്ട്, അങ്ങേ ദാനത്തിൽ എപ്പോഴും ഞങ്ങൾ അഭിമാനംകൊള്ളാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# ആണ്ടുവട്ടം നാലാം ഞായർ

**പ്രവേശകപ്രഭണിതം** **സങ്കീ 105, 47**

ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളെ രക്ഷിക്കുകയും ജനതകളുടെ ഇടയിൽനിന്ന് ഞങ്ങളെ ഒരുമിച്ചുകൂട്ടുകയും ചെയ്യണമേ. അങ്ങേ പരിശുദ്ധനാമത്തിന് കൃതജ്ഞതയർപ്പിക്കാനും അങ്ങയെ സ്തുതിക്കുന്നതിൽ അഭിമാനംകൊള്ളാനും ഇടയാകട്ടെ.

**സമിതിപ്രാർഥന**

ഞങ്ങളുടെ ദൈവമായ കർത്താവേ, പൂർണമനസ്സോടെ അങ്ങയെ ആരാധിക്കാനും എല്ലാ മനുഷ്യരെയും ആത്മാർഥഹൃദയത്തോടെ സ്നേഹിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ അൾത്താരയിലേക്ക് കൊണ്ടുവന്നിരിക്കുന്ന ഞങ്ങളുടെ ശുശ്രൂഷയുടെ കാഴ്ചദ്രവ്യങ്ങൾ പ്രീതിയോടെ സ്വീകരിച്ച് ഞങ്ങളുടെ പരിത്രാണത്തിന്റെ കൂദാശയായി രൂപാന്തരപ്പെടുത്തണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 30, 17-18**

അങ്ങേ മുഖം അങ്ങേ ദാസന്റെമേൽ പതിക്കണമേ. അങ്ങേ കാരുണ്യത്തിൽ എന്നെ രക്ഷിക്കണമേ. കർത്താവേ, എന്നെ ലജ്ജിതനാക്കരുതേ, എന്തെന്നാൽ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിച്ചു.

**അഥവാ** **മത്താ 5, 3-4**

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, സ്വർഗരാജ്യം അവരുടേതാണ്; ശാന്തശീലർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ഭൂമി അവകാശമാക്കും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങളുടെ പരിത്രാണത്തിന്റെ ദാനങ്ങളാൽ ഞങ്ങൾ പരിപോഷിതരായി, നിത്യമായ രക്ഷയുടെ ഈ സഹായത്താൽ സത്യവിശ്വാസം എപ്പോഴും അഭിവൃദ്ധിപ്പെടാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## ആണ്ടുവട്ടം അഞ്ചാം ഞായർ

**പ്രവേശകപ്രഭണിതം** **സങ്കീ 94, 6-7**

വരുവിൻ, നമുക്ക് ദൈവത്തെ ആരാധിക്കാം, നമ്മെ സൃഷ്ടിച്ച കർത്താവിന്റെ മുമ്പിൽ കുമ്പിട്ടുവണങ്ങാം. എന്തെന്നാൽ, അവിടന്നാണ് നമ്മുടെ ദൈവമായ കർത്താവ്.

**സമിതിപ്രാർഥന**

കർത്താവേ, നിരന്തര കാരുണ്യത്താൽ അങ്ങേ കുടുംബത്തെ സംരക്ഷിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, സ്വർഗീയ കൃപയുടെ ഏകപ്രത്യാശയിൽ ആശ്രയിച്ചുകൊണ്ട്, അങ്ങേ സംരക്ഷണത്താൽ എപ്പോഴും സുരക്ഷിതരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളുടെ ബലഹീനതയുടെ സഹായമായി ഈ സൃഷ്ടവസ്തുക്കളെ അങ്ങ് രൂപപ്പെടുത്തിയല്ലോ. അങ്ങനെ, ഇവ നിത്യതയുടെ കൂദാശയായിത്തീരാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 106, 8-9**

കർത്താവിന് അവിടത്തെ കാരുണ്യത്തെപ്രതിയും മനുഷ്യമക്കൾക്കായി അവിടന്നുചെയ്ത അദ്ഭുതങ്ങളെപ്രതിയും അവർ നന്ദിപറയട്ടെ. എന്തെന്നാൽ, അവിടന്ന് ദാഹാർത്തന് തൃപ്തിവരുത്തുകയും വിശപ്പുള്ളവന് വിശിഷ്ട വിഭവങ്ങൾകൊണ്ട് സംതൃപ്തി ഉളവാക്കുകയും ചെയ്യുന്നു.

**അഥവാ** **മത്താ 5, 5-6**

വിലപിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർക്ക് സംതൃപ്തി ലഭിക്കും.

**ദിവ്യഭോജനപ്രാർഥന**

ദൈവമേ, ഒരേ അപ്പത്തിൽനിന്നും ഒരേപാനപാത്രത്തിൽനിന്നും ഞങ്ങൾ പങ്കുകൊള്ളാൻ അങ്ങ് തിരുമനസ്സായല്ലോ. ക്രിസ്തുവിൽ ഒന്നായിത്തീർന്നുകൊണ്ട്, ലോകരക്ഷയ്ക്കായി ആനന്ദത്തോടെ ഫലം പുറപ്പെടുവിക്കാൻതക്കവിധം ജീവിക്കുന്നതിന് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# ആണ്ടുവട്ടം ആറാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 30, 3-4**

എന്നെ രക്ഷിക്കാനായി അങ്ങെന്റെ സംരക്ഷകനായ ദൈവവും അഭയകേന്ദ്രവുമാകണമേ. എന്തെന്നാൽ, അങ്ങ് എനിക്ക് വാനവിതാനവും അഭയവുമാകുന്നു. അങ്ങേ നാമത്തെ പ്രതി അങ്ങ് എനിക്ക് നായകനും എന്നെ പരിപോഷിപ്പിക്കുന്നവനുമായിരിക്കും.

**സമിതിപ്രാർഥന**

ദൈവമേ, സംശുദ്ധതയും ആത്മാർഥതയും നിറഞ്ഞ ഹൃദയങ്ങളിൽ വസിക്കുമെന്ന് അങ്ങ് അരുൾചെയ്തിട്ടുണ്ടല്ലോ. അങ്ങ് വസിക്കാൻ തിരുമനസ്സാകുന്ന ഇപ്രകാരമുള്ളവരെപ്പോലെയാകാൻ അങ്ങേ കൃപയാൽ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ അർപ്പണം ഞങ്ങളെ ശുദ്ധീകരിക്കുകയും നവീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങേ തിരുമനസ്സ് നിറവേറ്റുന്നവർക്ക് അത് നിത്യമായ പ്രതിഫലത്തിന് നിദാനമായിത്തീരുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 77, 29-30**

അവർ ഭക്ഷിച്ചു തൃപ്തരായി, അവർ ആഗ്രഹിച്ചത് കർത്താവ് അവർക്കു നല്കി. അവരുടെ ആഗ്രഹത്തിൽ അവർ നിരാശരായില്ല.

**അഥവാ** **യോഹ 3, 16**

അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയമാധുര്യത്താൽ പരിപോഷിതരായി ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങൾ യഥാർഥത്തിൽ ജീവിക്കുന്ന അതേ ഭോജ്യത്തിനായി എപ്പോഴും ഞങ്ങൾ ആഗ്രഹിക്കുമാറാകട്ടെ. കർത്താവായ...

## ആണ്ടുവട്ടം ഏഴാം ഞായർ

**പ്രവേശകപ്രഭണിതം** **സങ്കീ 12,6**

കർത്താവേ, അങ്ങേ കരുണയിൽ ഞാൻ ആശ്രയിച്ചു. എന്റെ ഹൃദയം അങ്ങയുടെ രക്ഷയിൽ ആനന്ദംകൊള്ളുന്നു. എന്നോട് കരുണ കാണിച്ച കർത്താവിനെ ഞാൻ പാടിസ്തുതിക്കും.

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, എപ്പോഴും യുക്തമായ കാര്യങ്ങൾ ധ്യാനിച്ചുകൊണ്ട്, അങ്ങേക്ക് പ്രീതികരമായവയിൽ, വാക്കിലും പ്രവൃത്തിയിലും വ്യാപരിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അർഹമായ ശുശ്രൂഷവഴി അങ്ങേ രഹസ്യങ്ങൾ അനുഷ്ഠിച്ചുകൊണ്ട് അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, അങ്ങേ മഹിമയുടെ ബഹുമാനത്തിനായി ഞങ്ങളർപ്പിക്കുന്നത് ഞങ്ങളുടെ രക്ഷയ്ക്ക് ഉപകരിക്കുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 9, 2-3**

അങ്ങേ എല്ലാ അദ്ഭുതപ്രവൃത്തികളും ഞാൻ വിവരിക്കും; ഞാൻ അങ്ങിൽ ആഹ്ലാദിച്ചുല്ലസിക്കും. അത്യുന്നതനായവനേ, അങ്ങയുടെ നാമത്തിന് ഞാൻ സ്തോത്രമാലപിക്കും.

**അഥവാ** **യോഹ 11, 27**

കർത്താവേ, നീ ഈ ലോകത്തിലേക്കു വരാനിരിക്കുന്ന സജീവനായ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന് ഞാൻ വിശ്വസിക്കുന്നു.

**ദിവ്യഭോജനപ്രാർഥന**

സർവശക്തനായ ദൈവമേ, ഈ രഹസ്യങ്ങൾവഴി അവയുടെ അച്ചാരം സ്വീകരിച്ചുകൊണ്ട്, അവയുടെ ഫലമനുഭവിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# ആണ്ടുവട്ടം എട്ടാം ഞായര്‍

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 17, 19-20**

കര്‍ത്താവ് എന്റെ അഭയമായിത്തീര്‍ന്നു. അവിടന്ന് എന്നെ വിശാലമായ സ്ഥലത്തേക്ക് നയിച്ചു. എന്നില്‍ പ്രസാദിച്ചതിനാല്‍ അവിടന്ന് എന്നെ രക്ഷിച്ചു.

**സമിതിപ്രാര്‍ഥന**

കര്‍ത്താവേ, ലോകഗതി അങ്ങേ സമാധാനപൂര്‍ണമായ ക്രമീകരണത്താല്‍ നിയന്ത്രിക്കാനും അങ്ങേ സഭ അങ്ങേ പ്രശാന്തമായ ഭക്തിയാല്‍ ആനന്ദിക്കാനും ഇടയാക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ഥന**

ദൈവമേ, അങ്ങേ നാമത്തിനായി അര്‍പ്പിക്കപ്പെടേണ്ടവ അങ്ങേക്കു നല്കുകയും ഞങ്ങളുടെ ശുശ്രൂഷയുടെ അര്‍പ്പണത്തിനായി കാഴ്ചദ്രവ്യങ്ങള്‍ നിര്‍ദേശിക്കുകയും ചെയ്യുന്നുവല്ലോ. അങ്ങനെ, അങ്ങു നല്കുന്നവ നേട്ടമായിത്തീരാനും അങ്ങു ഞങ്ങളില്‍ ചൊരിയുന്നവ ഞങ്ങള്‍ക്ക് പ്രതിഫലമായിത്തീരാനും അങ്ങേ കാരുണ്യത്തിനായി ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. കര്‍ത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 12,6**

എനിക്ക് നന്മകള്‍ നല്കിയ കര്‍ത്താവിനെ ഞാന്‍ പാടി സ്തുതിക്കകയും അത്യുന്നതനായ കര്‍ത്താവിന്റെ നാമം പ്രകീര്‍ത്തിക്കുകയും ചെയ്യും.

**അഥവാ** **മത്താ 28,20**

കര്‍ത്താവ് അരുള്‍ചെയ്യുന്നു: ഇതാ, യുഗാന്തംവരെ ഞാന്‍ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.

**ദിവ്യഭോജനപ്രാര്‍ഥന**

കര്‍ത്താവേ, രക്ഷാകരമായ ദാനത്താല്‍ പരിപോഷിതരായി, അങ്ങേ കാരുണ്യം ഞങ്ങള്‍ വിളിച്ചപേക്ഷിക്കുന്നു. അങ്ങനെ, ഈ കൂദാശയാല്‍ ഇക്കാലയളവില്‍ ഞങ്ങളെ അങ്ങ് പരിപോഷിപ്പിക്കുന്നതുപോലെ, നിത്യജീവനിലും ഞങ്ങള്‍ പങ്കാളികളാകാന്‍ കാരുണ്യപൂര്‍വം അങ്ങിടയാക്കണമേ. കര്‍ത്താവായ...

## ആണ്ടുവട്ടം ഒമ്പതാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 24, 16-18**

കർത്താവേ, ദയതോന്നി എന്നെ കടാക്ഷിക്കണമേ, എന്തെന്നാൽ, ഞാൻ ഏകാകിയും ദരിദ്രനുമാണ്. എന്റെ ദൈവമേ, എന്റെ വിനയവും അധ്വാനവും കടാക്ഷിക്കുകയും എന്റെ എല്ലാ പാപങ്ങളും പൊറുക്കുകയുംചെയ്യണണമേ.

**സമിതിപ്രാർഥന**

ദൈവമേ, അങ്ങേ പരിപാലനം അതിന്റെ സംവിധാനത്തിൽ ഒരിക്കലും പരാജയമടയുന്നില്ലല്ലോ. ഞങ്ങളങ്ങയോട് കേണപേക്ഷിക്കുന്നു. അങ്ങനെ, എല്ലാ തിന്മകളും അകറ്റുകയും ഞങ്ങളുടെ ക്ഷേമത്തിനുള്ളതെല്ലാം നല്കുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ കാരുണ്യത്തിൽ ആശ്രയിച്ചുകൊണ്ട് സംപൂജ്യമായ അൾത്താരയിലേക്ക് കാഴ്ചകളുമായി ഞങ്ങൾ ഓടിഅണയുന്നു. അങ്ങനെ, ഞങ്ങളെ ശുദ്ധീകരിക്കുന്ന അങ്ങേ കൃപയാൽ, ഞങ്ങൾ ശുശ്രൂഷചെയ്യുന്ന അതേ രഹസ്യങ്ങളാൽത്തന്നെ ഞങ്ങൾ സംശുദ്ധരാകുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 16, 6**

ദൈവമേ, ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു, എന്തെന്നാൽ, അങ്ങ് എനിക്ക് ഉത്തരമരുളും; അങ്ങ് ചെവിചായിച്ച്, എന്റെ വാക്കുകൾ ശ്രവിക്കണമേ.

**അഥവാ** **മർക്കോ 11, 23.24**

കർത്താവ് അരുൾചെയ്യുന്നു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പ്രാർഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ; നിങ്ങൾക്ക് ലഭിക്കുകതന്നെ ചെയ്യും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ പുത്രന്റെ ശരീരരക്തങ്ങളാൽ അങ്ങ് പരിപോഷിപ്പിക്കുന്ന ഞങ്ങളെ അങ്ങേ ആത്മാവാൽ നയിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വാക്കാലും നാവാലും മാത്രമല്ല, പ്രവൃത്തിയാലും സത്യത്താലും അങ്ങേക്ക് സാക്ഷ്യമേകി, സ്വർഗരാജ്യത്തിൽ പ്രവേശിക്കാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. കർത്താവായ...

# ആണ്ടുവട്ടം പത്താം ഞായര്‍

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 26, 1-2**

കര്‍ത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്, ഞാന്‍ ആരെ ഭയപ്പെടണം? കര്‍ത്താവ് എന്റെ ജീവിതത്തിനു കോട്ടയാണ്, ഞാന്‍ ആരെ പേടിക്കണം? എന്റെ ശത്രുക്കള്‍ എന്നെ ആക്രമിക്കുമ്പോള്‍, അവര്‍ തന്നെ കാലിടറി വീഴും.

**സമിതിപ്രാര്‍ഥന**

സര്‍വനന്മകളുടെയും ഉറവിടമായ ദൈവമേ, അങ്ങേ പ്രചോദനത്താല്‍, ശരിയായവമാത്രം ചിന്തിക്കാനും അങ്ങേ മാര്‍ഗനിര്‍ദേശത്താല്‍ അവ പ്രവര്‍ത്തിക്കാനുംവേണ്ട അനുഗ്രഹം, അങ്ങയെ വിളിച്ചപേക്ഷിക്കുന്നവരായ ഞങ്ങള്‍ക്കു നല്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ഥന**

കര്‍ത്താവേ, ഞങ്ങളുടെ ശുശ്രൂഷയെ കരുണയോടെ കടാക്ഷിക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങനെ, ഞങ്ങളര്‍പ്പിക്കുന്നത് അങ്ങേക്ക് സ്വീകാര്യമായ അര്‍പ്പണവും ഞങ്ങളുടെ സ്നേഹത്തിന്റെ വര്‍ധനവും ആയിത്തീരുമാറാകട്ടെ. കര്‍ത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 17,3**

കര്‍ത്താവാണ് എന്റെ രക്ഷാശിലയും കോട്ടയും വിമോചകനും എന്റെ ദൈവവും എന്റെ സഹായകനും.

**അഥവാ** **1 യോഹ 4,15**

ദൈവം സ്നേഹമാണ്, സ്നേഹത്തില്‍ വസിക്കുന്നവന്‍ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു.

**ദിവ്യഭോജനപ്രാര്‍ഥന**

കര്‍ത്താവേ, സൗഖ്യദായകമായ അങ്ങേ പ്രവര്‍ത്തനം ഞങ്ങളെ ഞങ്ങളുടെ പാപങ്ങളില്‍നിന്ന് കാരുണ്യപൂര്‍വം മോചിപ്പിക്കുകയും നേരായവയിലേക്ക് ഞങ്ങളെ നയിക്കുകയും ചെയ്യുമാറാകട്ടെ. കര്‍ത്താവായ...

# ആണ്ടുവട്ടം പതിനൊന്നാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 26, 7-9**

കർത്താവേ, ഞാനങ്ങയെ വിളിച്ചപേക്ഷിച്ചു; എന്റെ സ്വരം ശ്രവിക്കണമേ. അങ്ങ് എന്റെ സഹായകനാകണമേ. എന്റെ രക്ഷകനായ ദൈവമേ, അങ്ങ് എന്നെ കൈവെടിയുകയോ തിരസ്കരിക്കുകയോ ചെയ്യരുത്.

**സമിതിപ്രാർഥന**

അങ്ങിൽ ആശ്രയിക്കുന്നവരുടെ ശക്തികേന്ദ്രമായ ദൈവമേ, ഞങ്ങളുടെ അപേക്ഷകൾ കനിവാർന്നു ശ്രവിക്കണമേ.. അങ്ങനെ, അങ്ങയെക്കൂടാതെ നശ്വരമായ ബലഹീനതയ്ക്ക് ഒന്നും ചെയ്യാൻ കഴിയാത്തതിനാൽ, അങ്ങേ കൃപയുടെ സഹായം എപ്പോഴും നല്കണമേ. അങ്ങേകല്പനകൾ പിഞ്ചെന്ന്, ചിന്തയിലും പ്രവൃത്തിയിലും അങ്ങയെ ഞങ്ങൾ പ്രസാദിപ്പിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

ദൈവമേ, മനുഷ്യകുലത്തിന്റെയും സമർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങളുടെയും സത്തയെ ഭോജനത്താൽ അങ്ങ് പരിപോഷിപ്പിക്കുകയും കൂദാശയാൽ നവീകരിക്കുകയും ചെയ്യുന്നുവല്ലോ. അവയുടെ സഹായം ഞങ്ങളുടെ ശരീരങ്ങൾക്കും മാനസങ്ങൾക്കും നഷ്ടമാകാതിരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 26,4**

ഒരു കാര്യം ഞാൻ കർത്താവിനോട് അപേക്ഷിക്കുന്നു, ഒരു കാര്യം മാത്രം ഞാൻ തേടുന്നു, എന്റെ ജീവിതകാലം മുഴുവൻ കർത്താവിന്റെ ആലയത്തിൽ വസിക്കാൻതന്നെ.

**അഥവാ** **യോഹ 17,11**

കർത്താവ് അരുൾചെയ്യുന്നു: പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടന്ന് എനിക്കു നല്കിയ അവിടത്തെ നാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമേ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങൾ സ്വീകരിച്ച അങ്ങയുടെ ഈ ദിവ്യഭോജനം അങ്ങിലുള്ള വിശ്വാസികളുടെ ഐക്യം സൂചിപ്പിക്കുന്നതുപോലെ, അങ്ങേ സഭയിൽ അത് ഐക്യത്തിന്റെ ഫലം ഉളവാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ആണ്ടുവട്ടം പന്ത്രണ്ടാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 27, 8-9**

കർത്താവ് തന്റെ ജനത്തിന്റെ ശക്തിയും തന്റെ അഭിഷിക്തന് രക്ഷാകേന്ദ്രവുമാണ്. കർത്താവേ, അങ്ങേ ജനത്തെ സംരക്ഷിക്കണമേ. അങ്ങേ അവകാശത്തെ അനുഗ്രഹിക്കുകയും അവരെ എന്നും നയിക്കുകയും ചെയ്യണമേ.

**സമിതിപ്രാർഥന**

കർത്താവേ, അങ്ങേ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ അങ്ങ് പണിതുയർത്തിയവരെ അങ്ങേ സംരക്ഷണത്താൽ അങ്ങ് ഒരിക്കലും തള്ളിക്കളയുകയില്ലല്ലോ. അങ്ങേ നാമത്തോട് എപ്പോഴും ഞങ്ങൾ ഭക്ത്യാദരവും സ്നേഹവുമുള്ളവരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, സംപ്രീതിയുടെയും സ്തുതിയുടെയും ഈ ബലി സ്വീകരിക്കണമേ. അങ്ങനെ, അതിന്റെ പ്രവർത്തനത്താൽ ശുദ്ധീകരിക്കപ്പെട്ട് അങ്ങേക്ക് പ്രീതികരമായ ഞങ്ങളുടെ മാനസങ്ങളുടെ സ്നേഹാർപ്പണം ഞങ്ങൾ സമർപ്പിക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 144,15**

കർത്താവേ, എല്ലാവരും അങ്ങിൽ ദൃഷ്ടിപതിച്ചിരിക്കുകയും അങ്ങ് അവർക്ക് യഥാസമയം ആഹാരം കൊടുക്കുകയും ചെയ്യുന്നു.

**അഥവാ** **യോഹ 10. 11-15**

കർത്താവ് അരുൾചെയ്യുന്നു: ഞാൻ നല്ലിടയനാണ്, എന്റെ ആടുകൾക്കുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, തിരുശരീരത്തിന്റെയും അമൂല്യമായ രക്തത്തിന്റെയും പോഷണത്താൽ നവീകൃതരായി, അങ്ങേ കാരുണ്യത്തിനായി ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, നിരന്തര ഭക്തിയാൽ അനുഷ്ഠിക്കുന്നത് സുനിശ്ചിതമായ രക്ഷയിലൂടെ ഞങ്ങൾ പ്രാപിക്കുമാറാകട്ടെ. കർത്താവായ...

# ആണ്ടുവട്ടം പതിമൂന്നാം ഞായർ

**പ്രവേശകപ്രഭണിതം** **സങ്കീ 46, 2**

സകല ജനതകളേ, കരഘോഷം മുഴക്കുവിൻ, ദൈവത്തിന്റെ മുമ്പിൽ ആഹ്ലാദാരവം മുഴക്കുവിൻ.

**സമിതിപ്രാർഥന**

ദൈവമേ, ദത്തെടുപ്പിന്റെ കൃപയാൽ ഞങ്ങളെ പ്രകാശത്തിന്റെ മക്കളാക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. പാപാന്ധകാരത്തിന്റെ അധീനതയിൽപ്പെടാതെ സുവ്യക്തസത്യത്തിന്റെ പ്രഭയിൽ എന്നും ഞങ്ങൾ പ്രശോഭിച്ചുനിലനില്ക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

**നൈവേദ്യപ്രാർഥന**

ദൈവമേ, അങ്ങേ രഹസ്യങ്ങളുടെ ഫലം അനുയുക്തമായി അങ്ങ് ഉളവാക്കുന്നുവല്ലോ. അങ്ങനെ, ഞങ്ങളുടെ ശുശ്രൂഷകൾ വിശുദ്ധമായ ഈ കാഴ്ചദ്രവ്യങ്ങൾക്ക് യോജിച്ചതാക്കിത്തീർക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 102,1**

എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക; എന്റെ അന്തരംഗമേ, അവിടത്തെ വിശുദ്ധനാമം പുകഴ്ത്തുക.

**അഥവാ** **യോഹ 17, 20-21**

കർത്താവ് അരുൾചെയ്യുന്നു: അവർ നമ്മിൽ ഒന്നായിരിക്കാനും അങ്ങനെ, അങ്ങ് എന്നെ അയച്ചുവെന്ന് ലോകം വിശ്വസിക്കാനുംവേണ്ടി പിതാവേ, ഞാൻ അങ്ങയോട് പ്രാർഥിക്കുന്നു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങളർപ്പിക്കുകയും സ്വീകരിക്കുകയും ചെയ്ത ഈ ദിവ്യബലി ഞങ്ങൾക്ക് ജീവൻ നല്കുന്നതാകട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങയോടുള്ള നിരന്തരസ്നേഹത്താൽ ഒന്നായിത്തീർന്ന് എന്നും നിലനില്ക്കുന്ന ഫലം ഞങ്ങൾ പുറപ്പെടുവിക്കുമാറാകട്ടെ. കർത്താവായ...

# ആണ്ടുവട്ടം പതിന്നാലാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 47, 10-11**

ദൈവമേ, അങ്ങേ ആലയത്തിൽ അങ്ങേ കാരുണ്യം ഞങ്ങൾ സ്വീകരിച്ചു. ദൈവമേ, അങ്ങേ നാമമെന്നപോലെതന്നെ അങ്ങേ സ്തുതികളും ഭൂമിയുടെ അതിരുകളോളം എത്തുന്നു. അങ്ങേ വലത്തുകൈ നീതികൊണ്ട് നിറഞ്ഞിരിക്കുന്നു.

**സമിതിപ്രാർഥന**

ദൈവമേ, അധഃപതിച്ച ലോകത്തെ അങ്ങേ പുത്രന്റെ താഴ്മ യാൽ അങ്ങ് സമുദ്ധരിച്ചുവല്ലോ. അങ്ങേ വിശ്വാസികൾക്ക് ദിവ്യാ നന്ദം നല്കണമേ. അങ്ങനെ, പാപത്തിന്റെ അടിമത്തത്തിൽനിന്ന് അങ്ങ് മോചിപ്പിച്ച അവരെ നിത്യമായ സന്തോഷത്താൽ ആഹ്ലാദി ക്കാൻ ഇടയാക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ നാമത്തിന് പ്രതിഷ്ഠിതമായിരിക്കുന്ന ആ അർപ്പണം ഞങ്ങളെ ശുദ്ധീകരിക്കുകയും അനുദിനം സ്വർഗീയ ജീവിതതലത്തിലേക്ക് ഞങ്ങളെ എത്തിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 33,9**

കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ. അവി ടത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.

**അഥവാ** **മത്താ 11,28**

കർത്താവ് അരുൾചെയ്യുന്നു: അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരു വിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഇത്ര മഹത്തായ ബലിവസ്തുക്കളാൽ സംപൂരിതരായ ഞങ്ങൾ, രക്ഷാകരമായ ദാനങ്ങൾ സ്വീകരി ക്കാനും അങ്ങേ സ്തുതികളിൽനിന്ന് ഞങ്ങൾ ഒരിക്കലും വിരമി ക്കാതിരിക്കാനും ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# ആണ്ടുവട്ടം പതിനഞ്ചാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 16,15**

നീതിയോടെ അങ്ങയുടെ തിരുമുമ്പിൽ ഞാൻ സന്നിഹിതനാകും; അങ്ങേ മഹത്ത്വം വെളിപ്പെടുത്തപ്പെടുമ്പോൾ ഞാൻ സംതൃപ്തനാകും.

**സമിതിപ്രാർഥന**

ദൈവമേ, വഴിതെറ്റിയവർ നേർവഴിയിലേക്കു തിരികെവരാൻ പ്രാപ്തരാകേണ്ടതിന് അങ്ങേ സത്യത്തിന്റെ പ്രകാശം അവർക്കു കാണിച്ചുകൊടുക്കുന്നുവല്ലോ. ക്രിസ്തീയവിശ്വാസം പ്രഖ്യാപിക്കുന്നവരെല്ലാം ആ ക്രിസ്തീയനാമത്തിന് വിരുദ്ധമായവ വിട്ടുപേക്ഷിക്കാനും അനുയുക്തമായവ പിഞ്ചെല്ലാനും ഇടയാക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, കേണപേക്ഷിക്കുന്ന സഭയുടെ കാണിക്കകൾ കടാക്ഷിക്കുകയും അവയുടെ സ്വീകരണം വിശ്വാസികളുടെ വിശുദ്ധീകരണത്തിന്റെ വർധനയ്ക്ക് ഇടയാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 83. 4-5**

ബലവാനായ കർത്താവേ, എന്റെ രാജാവേ, എന്റെ ദൈവമേ, കുരുകിൽപക്ഷി ഒരു സങ്കേതവും മീവൽപക്ഷി തന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി ഒരു കൂടും അങ്ങയുടെ അൾത്താരയിൽ കണ്ടെത്തുന്നുവല്ലോ. എന്നേക്കും അങ്ങയെ സ്തുതിച്ചുകൊണ്ട് അങ്ങേ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ.

**അഥവാ** **യോഹ 6, 5-7**

കർത്താവ് അരുൾചെയ്യുന്നു: എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഈ ദാനങ്ങൾ സ്വീകരിച്ചുകൊണ്ട് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ദിവ്യരഹസ്യത്തിലുള്ള പങ്കാളിത്തത്തോടൊപ്പം ഞങ്ങളുടെ രക്ഷയുടെ ഫലവും വർധമാനമാകട്ടെ. കർത്താവായ...

# ആണ്ടുവട്ടം പതിനാറാം ഞായര്‍

**പ്രവേശകപ്രഭണിതം** **സങ്കീ 53, 6-8**

ഇതാ, ദൈവമാണ് എന്റെ സഹായകന്‍, കര്‍ത്താവാണ് എന്റെ ജീവന്‍ താങ്ങിനിര്‍ത്തുന്നവന്‍, ഞാന്‍ അങ്ങേക്ക് ഹൃദയപൂര്‍വം ബലിയര്‍പ്പിക്കും. കര്‍ത്താവേ, അങ്ങേ നാമം ഞാന്‍ ഏറ്റുപറയും, എന്തെന്നാല്‍ അത് ഉചിതമാകുന്നു.

**സമിതിപ്രാര്‍ഥന**

കര്‍ത്താവേ, അങ്ങേ ദാസരോട് കരുണയായിരിക്കുകയും അങ്ങേ കൃപയുടെ ദാനങ്ങള്‍ കാരുണ്യപൂര്‍വം അവരുടെമേല്‍ വര്‍ധമാനമാക്കുകയും ചെയ്യണമേ. അങ്ങനെ, പ്രത്യാശ, വിശ്വാസം, സ്നേഹം എന്നിവയാല്‍ തീക്ഷ്ണതയുള്ളവരായി, അങ്ങേ കല്പനകളില്‍ സദാ ജാഗരൂകരായി ഇവ അവര്‍ കാത്തുപാലിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ഥന**

ദൈവമേ, ഏകബലിയുടെ സംപൂര്‍ണതയാല്‍ പഴയനിയമത്തിലെ വ്യത്യസ്ത ബലികളെല്ലാം അങ്ങ് പൂര്‍ത്തീകരിച്ചുവല്ലോ. അങ്ങേക്ക് പ്രതിഷ്ഠിതരായ ദാസരില്‍നിന്ന് ഈ ബലി സ്വീകരിക്കുകയും ആബേലിന്റെ കാണിക്കകള്‍പോലെ ഇതിനെയും അതേ അനുഗ്രഹത്താല്‍ വിശുദ്ധീകരിക്കുകയും ചെയ്യണമേ. അങ്ങനെ, അങ്ങേ മഹിമയുടെ സ്തുതിക്കായി അര്‍പ്പിക്കപ്പെടുന്ന ഓരോബലിയും എല്ലാവരുടെയും രക്ഷയ്ക്ക് ഉപകരിക്കുമാറാകട്ടെ. കര്‍ത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 110, 4-5**

തന്റെ അദ്ഭുതപ്രവൃത്തികള്‍ അവിടന്ന് സ്മരണീയമാക്കി; കര്‍ത്താവ് കൃപാലുവും വാത്സല്യനിധിയുമാണ്. തന്നെ ഭയപ്പെടുന്നവര്‍ക്ക് അവിടന്ന് ആഹാരം നല്കുന്നു.

**അഥവാ** **വെളി 3,20**

കര്‍ത്താവ് അരുള്‍ചെയ്യുന്നു: ഇതാ, ഞാന്‍ വാതിലില്‍ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരംകേട്ട് വാതില്‍ തുറന്നുതന്നാല്‍ ഞാന്‍ അവന്റെ അടുത്തേക്കുവരും. ഞാന്‍ അവന്റെകൂടെയും അവന്‍ എന്റെ കൂടെയും ഭക്ഷിക്കും.

**ദിവ്യഭോജനപ്രാര്‍ഥന**

കര്‍ത്താവേ, കാരുണ്യപൂര്‍വം അങ്ങേ ജനത്തോടുകൂടെയായിരിക്കണമെന്നും സ്വര്‍ഗീയ രഹസ്യങ്ങളാല്‍ അങ്ങ് പ്രചോദിപ്പിച്ച അവരെ പഴയ ജീവിതശൈലിയില്‍നിന്ന് നവജന്മത്തിലേക്കു കടന്നുവരാന്‍ അനുഗ്രഹിക്കണമെന്നും ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. കര്‍ത്താവായ...

## ആണ്ടുവട്ടം പതിനേഴാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 67, 6–7, 36**

ദൈവം തന്റെ വിശുദ്ധസ്ഥലത്തു വസിക്കുന്നു. ഒരുമയുള്ളവർ തന്റെ ഭവനത്തിൽ വസിക്കാൻ ഇടയാക്കുന്ന ദൈവംതന്നെ തന്റെ ജനത്തിന് ശക്തിയും കരുത്തും നല്കുന്നു.

**സമിതിപ്രാർഥന**

അങ്ങിൽ പ്രത്യാശയർപ്പിക്കുന്നവരുടെ സംരക്ഷകനായ ദൈവമേ, അങ്ങയെക്കൂടാതെ ഒന്നും സാധ്യമല്ല, വിശുദ്ധവുമല്ല. അങ്ങേ കാരുണ്യം ഞങ്ങളുടെമേൽ വർധമാനമാക്കണമേ. അങ്ങനെ, നിയന്താവും നായകനുമായ അങ്ങുവഴി ഇപ്പോൾ നശ്വരമായ നന്മകൾ ഉപയോഗിക്കുന്നതുപോലെ അനശ്വരമായവയും മുറുകെപ്പിടിക്കാൻ ഞങ്ങൾ പ്രാപ്തരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ സമൃദ്ധിയിൽനിന്ന് ഞങ്ങൾ അങ്ങേക്കായി കൊണ്ടുവന്നിരിക്കുന്ന കാണിക്കകൾ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ കൃപയുടെ ശക്തമായ പ്രവർത്തനങ്ങളാൽ, ഈ പരിശുദ്ധ പരമ രഹസ്യങ്ങൾ ഞങ്ങളുടെ ഇഹലോകജീവിതരീതികൾ വിശുദ്ധീകരിക്കുകയും നിത്യാനന്ദത്തിലേക്ക് ഞങ്ങളെ നയിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 102,2**

എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക. അവിടന്നു നല്കിയ അനുഗ്രഹമൊന്നും മറക്കരുത്.

**അഥവാ** **മത്താ 5, 7–8**

കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർക്ക് കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ദൈവത്തെ കാണും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ പുത്രന്റെ പീഡാസഹനത്തിന്റെ നിത്യസ്മാരകമായ ദിവ്യകൂദാശ ഞങ്ങൾ സ്വീകരിച്ചു. അവർണനീയമായ സ്നേഹത്താൽ അവിടന്നുതന്നെ ഞങ്ങൾക്കുനല്കിയ ഈ ദാനം ഞങ്ങളുടെ രക്ഷയ്ക്ക് ഉപകരിക്കുമാറാകണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

## ആണ്ടുവട്ടം പതിനെട്ടാം ഞായര്‍

**പ്രവേശകപ്രഭണിതം** **സങ്കീ 69, 2**

ദൈവമേ, എന്റെ സഹായത്തിനു വരണമേ; കര്‍ത്താവേ, എന്നെ സഹായിക്കാന്‍ വേഗം വരണമേ. അങ്ങെന്റെ സഹായകനും വിമോചകനുമാണ്; കര്‍ത്താവേ, വൈകരുതേ.

**സമിതിപ്രാര്‍ഥന**

കര്‍ത്താവേ, അങ്ങ് അങ്ങേ ദാസര്‍ക്ക് സമീപസ്ഥനാകുകയും അങ്ങയെ വിളിച്ചപേക്ഷിക്കുന്നവരുടെമേല്‍ അങ്ങേ നിരന്തര കാരുണ്യം ചൊരിയുകയും ചെയ്യണമേ. അങ്ങനെ, അങ്ങ് ഉടയവനും നിയന്താതാവുമായിരിക്കുന്നതില്‍ അഭിമാനം കൊള്ളുന്ന ഇവര്‍ക്കായി, സൃഷ്ടിച്ചവ പുനരുദ്ധരിക്കുകയും, പുനരുദ്ധരിച്ചവ നിലനിര്‍ത്തുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ഥന**

കര്‍ത്താവേ, ഈ കാണിക്കകള്‍ ദയാപൂര്‍വം വിശുദ്ധീകരിക്കുകയും ആത്മീയബലിയുടെ അര്‍പ്പണം സ്വീകരിച്ച്, ഞങ്ങള്‍ ഞങ്ങളെത്തന്നെ അങ്ങേക്ക് നിത്യമായ കാണിക്കയായി പൂര്‍ത്തീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. കര്‍ത്താവായ...

**ദിവ്യഭോജനപ്രഭണിതം** **ജ്ഞാനം 16, 20**

കര്‍ത്താവേ, സ്വര്‍ഗത്തില്‍നിന്ന് എല്ലാ സ്വാദും ആസ്വാദ്യതയും നിറഞ്ഞ അപ്പം അങ്ങു ഞങ്ങള്‍ക്ക് നല്കി.

**അഥവാ** **യോഹ 6,35**

കര്‍ത്താവ് അരുള്‍ചെയ്യുന്നു: ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തുവരുന്നവന് ഒരിക്കലും വിശക്കുകയില്ല, എന്നില്‍ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല.

**ദിവ്യഭോജനപ്രാര്‍ഥന**

കര്‍ത്താവേ, സ്വര്‍ഗീയദാനത്താല്‍ അങ്ങ് നവീകരിച്ച ഇവരെ നിരന്തര സഹായത്താല്‍ അനുയാത്രചെയ്യാനും ഒരിക്കലും നിലയ്ക്കാത്ത സംരക്ഷണത്താല്‍ നിത്യരക്ഷയ്ക്ക് അര്‍ഹരാക്കാനും കനിയണമേ. കര്‍ത്താവായ...

# ആണ്ടുവട്ടം പത്തൊമ്പതാം ഞായർ

**പ്രവേശകപ്രഭണിതം** **Cf . സങ്കീ 73, 20.19.22.23**

കർത്താവേ, അങ്ങേ ഉടമ്പടി പരിഗണിക്കണമേ. അങ്ങേ ദരിദ്രരുടെ ജീവൻ അവസാനംവരെ ഉപേക്ഷിക്കരുതേ. കർത്താവേ, ഉണർന്ന് അങ്ങേ ന്യായം വാദിച്ചുറപ്പിക്കണമേ. അങ്ങേ അന്വേഷിക്കുന്നവരുടെ സ്വരം വിസ്മരിക്കരുതേ.

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, പരിശുദ്ധാത്മാവാൽ ഉദ്ബോധിതരായി അങ്ങയെ ഞങ്ങൾ പിതാവേ എന്നു വിളിക്കാൻ ധൈര്യപ്പെടുന്നു. ദത്തുപുത്രരുടെ ചൈതന്യം ഞങ്ങളുടെ ഹൃദയങ്ങളിൽ പൂർത്തീകരിക്കണമേ. അങ്ങനെ, വാഗ്ദാനത്തിന്റെ അവകാശത്തിലേക്കു പ്രവേശിക്കാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേക്കു സമർപ്പിക്കാനായി അങ്ങ് കാരുണ്യപൂർവം നല്കുകയും അങ്ങേ ശക്തിയാൽ ഞങ്ങളുടെ രക്ഷയുടെ രഹസ്യമായി അങ്ങു മാറ്റുകയും ചെയ്യുന്ന അങ്ങേ സഭയുടെ ഈ കാഴ്ചദ്രവ്യങ്ങൾ സംപ്രീതിയോടെ സ്വീകരിക്കണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 147, 12-14**

ജെറുസലേമേ, കർത്താവിനെ സ്തുതിക്കുക, അവിടന്ന് വിശിഷ്ടമായ ഗോതമ്പുകൊണ്ട് നിന്നെ തൃപ്തമാക്കുന്നു.

**അഥവാ** **Cf. യോഹ 6,51**

കർത്താവ് അരുൾചെയ്യുന്നു: ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ്.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങളുൾക്കൊണ്ട അങ്ങേ കൂദാശയുടെ സ്വീകരണം ഞങ്ങളെ രക്ഷിക്കുകയും അങ്ങേ സത്യത്തിന്റെ പ്രകാശത്തിൽ സ്ഥിരീകരിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

# ആണ്ടുവട്ടം ഇരുപതാം ഞായര്‍

**പ്രവേശകപ്രഭണിതം** **സങ്കീ 83, 10-11**

ഞങ്ങളുടെ ദൈവമേ, അങ്ങേ അഭിഷിക്തന്റെ മുഖം കടാക്ഷിക്കണമേ, അന്യസ്ഥലത്ത് ആയിരം ദിവസത്തെക്കാള്‍ അങ്ങയുടെ സങ്കേതത്തില്‍ ഒരു ദിവസം ആയിരിക്കുന്നത് കൂടുതല്‍ അഭികാമ്യമാണ്.

**സമിതിപ്രാര്‍ഥന**

ദൈവമേ, അങ്ങയെ സ്നേഹിക്കുന്നവര്‍ക്ക് അദൃശ്യമായി എല്ലാ നന്മകളും അങ്ങ് ഒരുക്കിയിരിക്കുന്നുവല്ലോ. ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് അങ്ങേ സ്നേഹവായ്പ് ചൊരിയണമേ. അങ്ങനെ, അങ്ങയെ എല്ലാറ്റിലും, എല്ലാറ്റിനുമുപരിയും സ്നേഹിച്ചുകൊണ്ട്, എല്ലാ ആഗ്രഹങ്ങളെയും അതിശയിപ്പിക്കുന്ന അങ്ങേ വാഗ്ദാനങ്ങള്‍ ഞങ്ങള്‍ പ്രാപിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ഥന**

കര്‍ത്താവേ, മഹത്ത്വപൂര്‍ണമായ വിനിമയം നിറവേറ്റിയ ഞങ്ങളുടെ കാഴ്ചദ്രവ്യങ്ങള്‍ സ്വീകരിക്കണമേ. അങ്ങനെ, അങ്ങ് തന്നവ അര്‍പ്പിച്ചുകൊണ്ട് അങ്ങയെത്തന്നെ സ്വീകരിക്കാന്‍ ഞങ്ങള്‍ അര്‍ഹരാകുമാറാകട്ടെ. കര്‍ത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 129,7**

കാരുണ്യം കര്‍ത്താവിനോടുകൂടെയാണ്; സമൃദ്ധമായ രക്ഷയും അവിടത്തോടുകൂടെ.

**അഥവാ** **യോഹ 6, 51-52**

കര്‍ത്താവ് അരുള്‍ചെയ്യുന്നു: സ്വര്‍ഗത്തില്‍ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തില്‍നിന്നു ഭക്ഷിച്ചാല്‍ അവന്‍ എന്നേക്കും ജീവിക്കും.

**ദിവ്യഭോജനപ്രാര്‍ഥന**

കര്‍ത്താവേ, ഈ കൂദാശവഴി ക്രിസ്തുവില്‍ പങ്കുകാരായിത്തീര്‍ന്ന്, ഞങ്ങള്‍ അങ്ങേ കാരുണ്യത്തിനായി താഴ്മയോടെ കേണപേക്ഷിക്കുന്നു. അങ്ങനെ, ഭൂമിയില്‍ അവിടത്തെ സാദൃശ്യത്തോട് അനുരൂപരായിത്തീരാനും സ്വര്‍ഗത്തില്‍ അവിടത്തെ കൂട്ടവകാശികളായിത്തീരാനും ഞങ്ങള്‍ അര്‍ഹരാകുമാറാകട്ടെ. എന്നെന്നും...

# ആണ്ടുവട്ടം ഇരുപത്തൊന്നാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 85, 1-3**

കർത്താവേ, എന്നിലേക്കു ചെവിചായ്ച്ച് എന്നെ ശ്രവിക്കണമേ. എന്റെ ദൈവമേ, അങ്ങിൽ പ്രത്യാശിക്കുന്ന അങ്ങേ ദാസനെ രക്ഷിക്കണമേ. കർത്താവേ, എന്നോട് കരുണ കാണിക്കണമേ. എന്തെന്നാൽ, ദിവസംമുഴുവനും ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു.

**സമിതിപ്രാർഥന**

വിശ്വാസികളുടെ മനസ്സുകൾ ഒരു മനമായി ഒന്നിപ്പിക്കുന്ന ദൈവമേ, അങ്ങു കല്പിക്കുന്നവയെ സ്നേഹിക്കാനും അങ്ങു വാഗ്ദാനം ചെയ്തവ ആഗ്രഹിക്കാനുമുള്ള അനുഗ്രഹം അങ്ങേ ജനത്തിനു നല്കണമേ. അങ്ങനെ, ഈലോകജീവിതത്തിന്റെ വൈവിധ്യങ്ങളുടെമധ്യേ, എവിടെയാണോ യഥാർഥ സന്തോഷമുള്ളത് അവിടെ, ഞങ്ങളുടെ ഹൃദയങ്ങൾ ഉറപ്പിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഏകബലിയർപ്പണത്താൽ അങ്ങേക്കു വേണ്ടി ദത്തെടുപ്പിന്റെ ജനതയെ അങ്ങ് നേടിയെടുത്തുവല്ലോ. ഐക്യത്തിന്റെയും സമാധാനത്തിന്റെയും ദാനങ്ങൾ അങ്ങേ സഭയിൽ ഞങ്ങൾക്കു കാരുണ്യപൂർവം നല്കണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 103, 13-15**

കർത്താവേ, അങ്ങേ പ്രവൃത്തികളുടെ ഫലങ്ങളാൽ ഭൂമി തൃപ്തിയടയുന്നു. ഭൂമിയിൽനിന്ന് അപ്പവും മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കാൻ വീഞ്ഞും അങ്ങ് പ്രദാനംചെയ്യുന്നു.

**അഥവാ** **യോഹ 6.55**

കർത്താവ് അരുൾചെയ്യുന്നു: എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാനവനെ ഉയിർപ്പിക്കും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ കാരുണ്യത്തിന്റെ സംപൂർണമായ ഔഷധം ഞങ്ങളിൽ ഫലമുളവാക്കാൻ ഞങ്ങൾ പ്രാർഥിക്കുന്നു. അത് കാരുണ്യപൂർവം ഞങ്ങളിൽ പൂർത്തീകരിക്കുകയും നിലനിർത്തുകയും ചെയ്യണമേ. അങ്ങനെ, എല്ലാറ്റിലും അങ്ങേ പ്രസാദിപ്പിക്കാൻ ഞങ്ങൾ യോഗ്യരാകുമാറാകട്ടെ. കർത്താവായ...

# ആണ്ടുവട്ടം ഇരുപത്തിരണ്ടാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 85, 3-5**

കർത്താവേ, എന്നോട് കരുണതോന്നണമേ, എന്തെന്നാൽ, ദിവസംമുഴുവനും ഞാനങ്ങയെ വിളിച്ചപേക്ഷിച്ചു. കർത്താവേ, അങ്ങ് മാധുര്യവാനും ശാന്തശീലനുമാണ്. അങ്ങയെ വിളിച്ചപേക്ഷിക്കുന്നവരോട് അങ്ങ് സമൃദ്ധമായി കൃപകാണിക്കുന്നു.

**സമിതിപ്രാർഥന**

ബലവാനായ ദൈവമേ, നന്മയായ സകലതും അങ്ങയുടേതാണല്ലോ. ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്ങേ നാമത്തോടുള്ള സ്നേഹം നിറയ്ക്കണമേ. ആധ്യാത്മികവളർച്ചയാൽ നല്ലവയെല്ലാം ഞങ്ങളിൽ പരിപോഷിപ്പിക്കാനും ജാഗ്രതയോടെയുള്ള പഠനത്താൽ പരിപോഷിപ്പിച്ചവ കാത്തുപാലിക്കാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഈ ദിവ്യാർപ്പണം ഞങ്ങൾക്കെപ്പോഴും രക്ഷയുടെ അനുഗ്രഹം പ്രദാനംചെയ്യട്ടെ. അങ്ങനെ, രഹസ്യത്താൽ അനുഷ്ഠിക്കുന്നത് ശക്തിയാൽ നിറവേറുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 30,20**

കർത്താവേ, അങ്ങയുടെ അനുഗ്രഹങ്ങൾ എത്ര മഹത്തരമാണ്! അങ്ങയെ ഭയപ്പെടുന്നവർക്കായി അങ്ങ് അവ ഒരുക്കിവച്ചിരിക്കുന്നു.

**അഥവാ** **മത്താ 5, 9-10**

സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ദൈവപുത്രരെന്ന് വിളിക്കപ്പെടും. നീതിക്കുവേണ്ടി പീഡനമേല്ക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, സ്വർഗരാജ്യം അവരുടേതാണ്.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയമേശയുടെ അപ്പത്താൽ പരിപോഷിതരായി അങ്ങയോട് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, സഹോദരരിൽ അങ്ങേക്ക് ശുശ്രൂഷ ചെയ്യാൻ ഞങ്ങൾ പ്രചോദിപ്പിക്കപ്പെടുമ്പോഴെല്ലാം സ്നേഹത്തിന്റെ ഈ ഭോജനം ഞങ്ങളുടെ ഹൃദയങ്ങൾ സ്ഥിരീകരിക്കുമാറാകട്ടെ. കർത്താവായ...

# ആണ്ടുവട്ടം ഇരുപത്തിമൂന്നാം ഞായർ

**പ്രവേശകപ്രഭണിതം** **സങ്കീ 118,137-124**

കർത്താവേ, അങ്ങ് നീതിമാനാണ്, അങ്ങേ വിധികൾ നീതിയുക്തമാണ്; അങ്ങയുടെ കാരുണ്യത്തിനൊത്തവിധം അങ്ങേ ദാസരോട് പ്രവർത്തിക്കണമേ.

**സമതിപ്രാർഥന**

ദൈവമേ, അങ്ങുവഴിയാണല്ലോ പരിത്രാണം വരുന്നതും ഞങ്ങൾക്ക് ദത്തെടുപ്പ് ലഭിക്കുന്നതും. അങ്ങേ പ്രിയമക്കളെ ദയാപൂർവം കടാക്ഷിക്കണമേ. അങ്ങനെ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് യഥാർഥ സ്വാതന്ത്ര്യവും നിത്യമായ അവകാശവും ലഭിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

നിഷ്കളങ്കമായ ഭക്തിയുടെയും സമാധാനത്തിന്റെയും ഉടയവനായ ദൈവമേ, ഈ കാഴ്ചയർപ്പണംവഴി അങ്ങേ മഹിമയെ ഞങ്ങൾ സമുചിതം ആരാധിക്കുകയും ദിവ്യരഹസ്യങ്ങളിലുള്ള പങ്കാളിത്തത്താൽ വിശ്വസ്തതയോടെ മനസ്സുകളിൽ ഒന്നായിത്തീരുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 41, 2-3**

നീർച്ചാൽതേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ആത്മാവ് അങ്ങയെ തേടുന്നു; എന്റെ ആത്മാവ് ജീവിക്കുന്ന ദൈവത്തിനായ് അതിയായി ദാഹിക്കുന്നു.

**അഥവാ** **യോഹ 8, 12**

കർത്താവ് അരുൾചെയ്യുന്നു: ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല, അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ വചനത്തിന്റെയും സ്വർഗീയ കൂദാശയുടെയും ഭോജ്യത്താൽ അങ്ങേ വിശ്വാസികളെ പരിപോഷിപ്പിക്കുകയും ഉജ്ജീവിപ്പിക്കുകയും ചെയ്യുന്നുവല്ലോ. അതുപോലെ, അങ്ങേ പ്രിയപുത്രന്റെ മഹനീയ ദാനങ്ങളാൽ മുന്നേറാൻ അവരെ അനുഗ്രഹിക്കണമേ. അങ്ങനെ, അവിടത്തെ ജീവനിൽ നിത്യമായി പങ്കുചേരാനും ഞങ്ങൾ അർഹരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

# ആണ്ടുവട്ടം ഇരുപത്തിനാലാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. പ്രഭാ 36, 38**

കർത്താവേ, അങ്ങയെ കാത്തിരിക്കുന്നവർക്ക് സമാധാനം നല്കണമേ, അങ്ങനെ, അങ്ങേ പ്രവാചകരുടെ വിശ്വാസ്യത തെളിയട്ടെ. അങ്ങേ ദാസന്റെയും അങ്ങേ ജനമായ ഇസ്രായേലിന്റെയും പ്രർഥനകൾ കേൾക്കണമേ.

**സമിതിപ്രാർഥന**

സകലത്തിന്റെയും സ്രഷ്ടാവും നിയന്താതാവുമായ ദൈവമേ, ഞങ്ങളെ കടാക്ഷിക്കുകയും അങ്ങേ കാരുണ്യത്തിന്റെ ഫലം ഞങ്ങൾ അനുഭവിച്ച്, പൂർണഹൃദയത്തോടെ അങ്ങയെ ശുശ്രൂഷിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഞങ്ങളുടെ അപേക്ഷകൾ തൃക്കൺപാർക്കുകയും അങ്ങേ ദാസരുടെ ഈ കാണിക്കകൾ ദയാപൂർവം സ്വീകരിക്കുകയും ചെയ്യണമേ. അങ്ങനെ, ഓരോരുത്തരും അങ്ങേ നാമത്തിന്റെ സ്തുതിക്കായി അർപ്പിക്കുന്നത് എല്ലാവരുടെയും രക്ഷയ്ക്കുപകരിക്കുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 35, 8**

ദൈവമേ, അങ്ങേ കാരുണ്യം എത്ര അമൂല്യം! മനുഷ്യമക്കൾ അങ്ങേ ചിറകുകളുടെ തണലിൽ അഭയംതേടുന്നു.

**അഥവാ** **Cf.1 കോറി 10,16**

നാം ആശീർവദിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിലുള്ള പങ്കുചേരലാണ്; നാം മുറിക്കുന്ന അപ്പം കർത്താവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമാണ്.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയദാനത്തിന്റെ പ്രവർത്തനം ഞങ്ങളുടെ മനസ്സുകളിലും ശരീരത്തിലും നിറഞ്ഞുനില്ക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളുടെ അനുഭവങ്ങളല്ല, പിന്നെയോ, അതിന്റെ പ്രവർത്തനഫലംതന്നെ എന്നും ഞങ്ങളിൽ വർധമാനമാകുമാറാകട്ടെ. കർത്താവായ...

# ആണ്ടുവട്ടം ഇരുപത്തഞ്ചാം ഞായർ

## പ്രവേശകപ്രഭണിതം

കർത്താവ് അരുൾചെയ്യുന്നു: ജനത്തിന്റെ രക്ഷ ഞാനാകുന്നു. ഏതേതു ദുരിതങ്ങളിൽ അവർ എന്നെ വിളിച്ചപേക്ഷിക്കുമ്പോഴും ഞാനവരെ ശ്രവിക്കുകയും എന്നേക്കും ഞാനവരുടെ കർത്താവായിരിക്കുകയും ചെയ്യും.

## സമിതിപ്രാർഥന

ദൈവമേ, അങ്ങയോടും അയല്ക്കാരോടുമുള്ള സ്നേഹത്തിൽ ദിവ്യകല്പനകളെല്ലാം അങ്ങ് സ്ഥാപിച്ചുവല്ലോ. അങ്ങേ കല്പനകൾ പാലിച്ചുകൊണ്ട് നിത്യജീവനിലേക്ക് ഞങ്ങൾ എത്തിച്ചേരാനുള്ള അർഹത ഞങ്ങൾക്കു നല്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ ജനത്തിന്റെ കാണിക്കകൾ ദയാപൂർവം സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിശ്വാസത്തിന്റെ ഭക്തിയാൽ പ്രഖ്യാപിക്കപ്പെടുന്നത്, സ്വർഗീയ രഹസ്യങ്ങളാൽ അവർ പ്രാപിക്കുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം Cf. സങ്കീ 118, 4-4

അങ്ങേ പ്രമാണങ്ങൾ ശ്രദ്ധാപൂർവം പാലിക്കണമെന്ന് അങ്ങ് കല്പിച്ചിരിക്കുന്നു. അങ്ങേ ചട്ടങ്ങൾ പാലിക്കുന്നതിന് എന്റെ വഴികൾ നയിക്കപ്പെടട്ടെ.

**അഥവാ** **യോഹ 10,14**

കർത്താവ് അരുൾചെയ്യുന്നു: ഞാൻ നല്ലിടയനാണ്, ഞാൻ എന്റെ ആടുകളെയും അവ എന്നെയും അറിയുന്നു.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ കൂദാശയാൽ അങ്ങ് പരിപോഷിപ്പിക്കുന്ന ഇവരെ നിരന്തര സഹായത്താൽ ഉദ്ധരിക്കണമേ. അങ്ങനെ, രഹസ്യങ്ങളാലും ജീവിതരീതികളാലും പരിത്രാണത്തിന്റെ ഫലം ഞങ്ങൾ സംപ്രാപിക്കുമാറാകട്ടെ. കർത്താവായ...

# ആണ്ടുവട്ടം ഇരുപത്താറാം ഞായർ

**പ്രവേശകപ്രഭണിതം** **ദാനി 3, 31.29.30.43.42**

കർത്താവേ, ഞങ്ങളോട് അങ്ങു ചെയ്തവയെല്ലാം ഉചിതമായ വിധിയോടെയായിരുന്നു. എന്തെന്നാൽ, അങ്ങേക്കെതിരായി ഞങ്ങൾ പാപം ചെയ്യുകയും അങ്ങേ കല്പനകൾ പാലിക്കാതിരിക്കുകയും ചെയ്തു. എന്നാൽ, അങ്ങേ നാമത്തിനു മഹത്ത്വംനല്കുകയും അങ്ങേ അനന്തകാരുണ്യമനുസരിച്ച് ഞങ്ങളോട് പ്രവർത്തിക്കുകയും ചെയ്യണമേ.

**സമിതിപ്രാർഥന**

ദൈവമേ, പരിപൂർണമായി മാപ്പുനല്കുന്നതിലും കരുണ കാണിക്കുന്നതിലുമാണല്ലോ അങ്ങേ ശക്തിമാഹാത്മ്യം അങ്ങു പ്രകടമാക്കുന്നത്. ഞങ്ങളുടെമേൽ അങ്ങേ കൃപ വർധമാനമാക്കണമേ. അങ്ങനെ, അങ്ങേ വാഗ്ദാനങ്ങളിലേക്ക് ഓടിയണഞ്ഞ്, സ്വർഗീയനന്മകളിൽ പങ്കാളികളാകാൻ ഇടയാക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കാരുണ്യവാനായ ദൈവമേ, ഞങ്ങളുടെ ഈ അർപ്പണം അങ്ങേക്ക് സ്വീകാര്യമാകുന്നതിനും അതുവഴി സകല അനുഗ്രഹങ്ങളുടെയും ഉറവിടം ഞങ്ങൾക്കായി തുറക്കപ്പെടുന്നതിനും ഇടയാക്കണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 118, 49-50**

കർത്താവേ, അങ്ങേ ദാസനു നല്കിയ അങ്ങേ വചനം ഓർക്കണമേ. അതുവഴിയാണല്ലോ, അങ്ങ് എനിക്കു പ്രത്യാശ നല്കിയത്, എന്റെ താഴ്മയിൽ ഇത് എന്നെ ആശ്വസിപ്പിക്കുന്നു.

**അഥവാ** **1 യോഹ 3, 16**

അവിടന്ന് സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽനിന്ന്, ദൈവത്തിന്റെ സ്നേഹം എന്തെന്ന് നാമറിയുന്നു. നമ്മളും സഹോദരന്മാർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു.

**ദിവ്യഭോജന പ്രാർഥന**

കർത്താവേ, സ്വർഗീയരഹസ്യം ഞങ്ങൾക്ക് മനസ്സിന്റെയും ശരീരത്തിന്റെയും നവീകരണമാകട്ടെ. അങ്ങനെ, അവിടത്തെ മരണം പ്രഖ്യാപിക്കുമ്പോഴെല്ലാം അവിടത്തെ പീഡാസഹനത്തിൽ പങ്കുചേർന്ന്, ഞങ്ങൾ അവിടത്തെ മഹത്ത്വത്തിൽ കൂട്ടവകാശികളായിത്തീരട്ടെ. അങ്ങയോടുകൂടെ...

# ആണ്ടുവട്ടം ഇരുപത്തേഴാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. എസ്തേ 4,17**

കർത്താവേ, പ്രപഞ്ചം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് അങ്ങേ തിരുമനസ്സാലാണല്ലോ. അങ്ങേ തിരുവുള്ളത്തിനെതിരായി ഒന്നിനും നിലനില്ക്കാൻ സാധ്യമല്ല. എന്തെന്നാൽ, സകലതും, സ്വർഗവും ഭൂമിയും സ്വർഗീയ തലത്തിൽ ഉൾക്കൊള്ളുന്ന സർവവും, അങ്ങ് സൃഷ്ടിച്ചു. അങ്ങ് സകലത്തിന്റെയും കർത്താവാണ്.

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ കൃപാതിരേകത്താൽ അങ്ങയെ വിളിച്ചപേക്ഷിക്കുന്നവരുടെ യോഗ്യതകൾക്കും അഭിലാഷങ്ങൾക്കും അങ്ങ് അതീതനാണല്ലോ. അങ്ങേ കാരുണ്യം ഞങ്ങളുടെമേൽ ചൊരിയണമേ. അങ്ങനെ, മനസ്സാക്ഷി ഭയപ്പെടുന്നവ അങ്ങ് അവഗണിക്കുകയും യാചിക്കാൻപോലും ധൈര്യപ്പെടാത്തവ നല്കുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ കല്പനയാൽ സ്ഥാപിതമായിരിക്കുന്ന ബലികൾ സ്വീകരിക്കുകയും, കർത്തവ്യനിഷ്ഠമായ ശുശ്രൂഷയുടെ ധർമത്തോടെ ഞങ്ങൾ അനുഷ്ഠിക്കുന്ന ദിവ്യരഹസ്യങ്ങളാൽ അങ്ങേ പരിത്രാണത്തിന്റെ വിശുദ്ധീകരണം കാരുണ്യപൂർവം ഞങ്ങളിൽ പൂർത്തീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **വിലാ 3, 25**

തന്നിൽ പ്രത്യാശവയ്ക്കുന്നവർക്കും അവിടത്തെ തേടുന്ന മനസ്സിനും കർത്താവ് നല്ലവനാണ്.

**അഥവാ** **Cf. 1കോറി 10, 17**

അപ്പം ഒന്നേയുള്ളൂ. പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. ഒരേ അപ്പത്തിലും ഒരേ പാനപാത്രത്തിലും നമ്മളെല്ലാവരും ഭാഗഭാക്കുകളാണ്.

**ദിവ്യഭോജനപ്രാർഥന**

സർവശക്തനായ ദൈവമേ, സ്വീകരിച്ച കൂദാശയാൽ ഉന്മേഷഭരിതരും പരിപോഷിതരുമാകാനും അതു സ്വീകരിക്കുമ്പോഴെല്ലാം ഞങ്ങളതുവഴി രൂപാന്തരപ്പെടാനും അനുഗ്രഹം നല്കണമേ. കർത്താവായ...

# ആണ്ടുവട്ടം ഇരുപത്തെട്ടാം ഞായർ

**പ്രവേശകപ്രഭണിതം** **സങ്കീ 129, 3-4**

കർത്താവേ, അങ്ങ് പാപങ്ങൾ കണക്കിലെടുത്താൽ, ആർക്ക് നിലനില്ക്കാനാവും? എന്നാൽ, ഇസ്രായേലിന്റെ ദൈവമേ, പാപമോചനം അങ്ങയുടെ പക്കലാണല്ലോ.

**സമിതിപ്രാർഥന**

കർത്താവേ, അങ്ങേ കൃപ എപ്പോഴും ഞങ്ങളുടെ മുമ്പേ നീങ്ങുകയും അനുഗമനം ചെയ്യുകയും സത്പ്രവൃത്തികൾ നിരന്തരം ചെയ്യാൻ ഞങ്ങളെ ദൃഢചിത്തരാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ബലിവസ്തുക്കളുടെ അർപ്പണത്തോടൊപ്പം വിശ്വാസികളുടെ പ്രാർഥനകൾ സ്വീകരിക്കണമേ. അങ്ങനെ, ഭക്തകൃത്യങ്ങളുടെ ഈ അനുഷ്ഠാനംവഴി സ്വർഗീയ മഹത്ത്വത്തിലേക്ക് ഞങ്ങൾ എത്തിച്ചേരുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 33, 11**

സമ്പന്നൻ ദാരിദ്ര്യവും വിശപ്പും അനുഭവിച്ചു; എന്നാൽ, കർത്താവിനെ അന്വേഷിക്കുന്നവർക്ക് ഒരു നന്മയും കുറവുണ്ടാവുകയില്ല.

**അഥവാ** **1 യോഹ 3, 2**

കർത്താവ് പ്രത്യക്ഷനാകുമ്പോൾ നാം അവിടത്തെപ്പോലെ ആകും, എന്തെന്നാൽ, അവിടന്ന് ആയിരിക്കുന്നതുപോലെ നാം അവിടത്തെ കാണും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ മഹിമയ്ക്കായി ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, ഏറ്റവും പരിശുദ്ധ ശരീരത്തിന്റെയും രക്തത്തിന്റെയും ഭോജനത്താൽ അങ്ങ് ഞങ്ങളെ പരിപോഷിപ്പിക്കുന്നതുപോലെ, ദിവ്യപ്രകൃതിയിൽ ഞങ്ങളെ പങ്കാളികളാക്കുകയുംചെയ്യണമേ. കർത്താവായ...

# ആണ്ടുവട്ടം ഇരുപത്തൊമ്പതാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 16,6.8**

ദൈവമേ, ഞാനങ്ങയെ വിളിച്ചപേക്ഷിച്ചു, എന്തെന്നാൽ, അങ്ങ് എനിക്ക് ഉത്തരമരുളും; അങ്ങ് ചെവിചായിച്ച് എന്റെ വാക്കുകൾ ശ്രവിക്കണമേ. കർത്താവേ, കണ്ണിന്റെ കൃഷ്ണമണിപോലെ എന്നെ കാത്തുകൊള്ളണമേ; അങ്ങയുടെ ചിറകിന്റെ നിഴലിൽ എന്നെ സംരക്ഷിക്കണമേ.

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ മാനസങ്ങൾ എപ്പോഴും അങ്ങയുടെ തിരുവിഷ്ടത്തിനനുസൃത മാക്കിത്തീർക്കാനും ആത്മാർഥഹൃദയത്തോടെ അങ്ങേ മഹിമയ്ക്ക് ശുശ്രൂഷചെയ്യാനും ഞങ്ങൾക്കിടവരുത്തണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, സ്വതന്ത്രമനസ്സോടെ അങ്ങേ ദാനങ്ങൾ ആദരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളെ ശുദ്ധീകരിക്കുന്ന അങ്ങേ കൃപയാൽ, ഞങ്ങൾ ശുശ്രൂഷിക്കുന്ന അതേ രഹസ്യങ്ങൾ വഴി, ഞങ്ങൾ നിർമലരായിത്തീരുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 32, 18-19**

ഇതാ, തന്നെ ഭയപ്പെടുന്നവരുടെമേലും തന്റെ കാരുണ്യത്തിൽ പ്രത്യാശവയ്ക്കുന്നവരുടെമേലും കർത്താവിന്റെ നയനങ്ങൾ ഉണ്ടായിരിക്കും. അവിടന്ന് അവരുടെ പ്രാണൻ മരണത്തിൽനിന്നു രക്ഷിക്കുന്നു, ക്ഷാമത്തിൽ അവരുടെ ജീവൻ നിലനിർത്തുന്നു.

**അഥവാ** **മർക്കോ 10, 45**

മനുഷ്യപുത്രൻ വന്നിരിക്കുന്നത് തന്റെ ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനാണ്.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയവസ്തുക്കളുടെ പങ്കാളിത്തം ഞങ്ങൾക്ക് ഉപകരിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങൾ ഇഹലോക നന്മകളാൽ സംപൂരിതരും പരലോക നന്മകളാൽ ഉദ്ബോധിതരും ആയിത്തീരുമാറാകട്ടെ. കർത്താവായ...

# ആണ്ടുവട്ടം മുപ്പതാം ഞായര്‍

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 104, 3-4**

കര്‍ത്താവിനെ അന്വേഷിക്കുന്നവരുടെ ഹൃദയം ആഹ്ലാദിക്കട്ടെ. കര്‍ത്താവിനെ അന്വേഷിക്കുകയും ഏറ്റുപറയുകയും ചെയ്യുവിന്‍, നിരന്തരം അവിടത്തെ മുഖം തേടുവിന്‍.

**സമിതിപ്രാര്‍ഥന**

സര്‍വശക്തനും നിത്യനുമായ ദൈവമേ, വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും വര്‍ധന ഞങ്ങള്‍ക്കു നല്കുകയും അങ്ങ് വാഗ്ദാനം ചെയ്തവ പിന്തുടരാന്‍ അര്‍ഹരാകേണ്ടതിന് അങ്ങ് കല്പിച്ചവ സ്നേഹിക്കാന്‍ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ഥന**

കര്‍ത്താവേ, അങ്ങേ മഹിമയ്ക്കായി ഞങ്ങളര്‍പ്പിക്കുന്ന ഈ കാഴ്ചദ്രവ്യങ്ങള്‍ കടാക്ഷിക്കണമേ. അങ്ങനെ, ഞങ്ങളുടെ ശുശ്രൂഷയാല്‍ അനുഷ്ഠിക്കുന്നത് അങ്ങേ ഉപരിമഹത്ത്വത്തിലേക്ക് നയിക്കപ്പെടുമാറാകട്ടെ. കര്‍ത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 19,6**

അങ്ങേ രക്ഷയില്‍ ഞങ്ങള്‍ ആഹ്ലാദിക്കുകയും ഞങ്ങളുടെ ദൈവത്തിന്റെ നാമത്തില്‍ ഞങ്ങള്‍ അഭിമാനം കൊള്ളുകയും ചെയ്യും.

**അഥവാ** **എഫേ 5, 2**

ക്രിസ്തു നമ്മെ സ്നേഹിക്കുകയും അവിടന്ന് നമുക്കുവേണ്ടി സുരഭിലകാഴ്ചയും ബലിയുമായി തന്നത്തന്നെ ദൈവത്തിനു സമര്‍പ്പിക്കുകയും ചെയ്തു.

**ദിവ്യഭോജനപ്രാര്‍ഥന**

കര്‍ത്താവേ, അങ്ങേ കൂദാശകള്‍, അവ ഉള്‍ക്കൊള്ളുന്നവ ഞങ്ങളില്‍ പൂര്‍ത്തീകരിക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങനെ, ഇപ്പോള്‍ അടയാളങ്ങളിലൂടെ ആചരിക്കുന്നത് യാഥാര്‍ഥ്യങ്ങളായി ഞങ്ങള്‍ സ്വീകരിക്കുമാറാകട്ടെ. കര്‍ത്താവായ...

# ആണ്ടുവട്ടം മുപ്പത്തൊന്നാം ഞായർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 37, 22-23**

എന്റെ ദൈവമായ കർത്താവേ, എന്നെ കൈവിടരുതേ, എന്നിൽനിന്ന് അകന്നിരിക്കരുതേ. എന്റെ രക്ഷയുടെ ബലമായ കർത്താവേ, എന്നെ സഹായിക്കാൻ വേഗം വരണമേ.

**സമിതിപ്രാർഥന**

സർവശക്തനും കാരുണ്യവാനുമായ ദൈവമേ, അങ്ങിൽനിന്നുവരുന്ന ദാനത്താലാണല്ലോ അങ്ങേ വിശ്വാസികൾ അങ്ങേക്ക് യോഗ്യവും സ്തുത്യർഹവുമായ ശുശ്രൂഷ അർപ്പിക്കുന്നത്. അങ്ങനെ, ഒരു പ്രതിബന്ധവും കൂടാതെ അങ്ങേ വാഗ്ദാനങ്ങളിലേക്ക് ഞങ്ങൾ മുന്നേറാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ,ഈ ബലി അങ്ങേക്കുള്ള നിർമലയാഗമാക്കിത്തീർക്കുകയും ഞങ്ങൾക്ക് അങ്ങേ കാരുണ്യത്തിന്റെ ദിവ്യപ്രവാഹമാക്കിത്തീർക്കുകയും ചെയ്യണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 15,11**

കർത്താവേ, അങ്ങെനിക്ക് ജീവന്റെ മാർഗം കാണിച്ചുതരുന്നു, അങ്ങേ സന്നിധിയിൽ ആനന്ദത്താൽ അങ്ങെന്നെ നിറയ്ക്കുന്നു.

**അഥവാ** **യോഹ 6, 58**

കർത്താവ് അരുൾചെയ്യുന്നു: ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു, ഞാൻ പിതാവുമൂലം ജീവിക്കുന്നു. അതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ ശക്തിയുടെ പ്രവർത്തനം ഞങ്ങളിൽ വർധമാനമാക്കാൻ കനിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, സ്വർഗീയ കൂദാശകളാൽ പരിപോഷിതരായി, അവയുടെ വാഗ്ദാനങ്ങൾ സ്വീകരിക്കാൻ, അങ്ങേ ദാനത്താൽ ഞങ്ങൾ സജ്ജരാകുമാറാകട്ടെ. കർത്താവായ...

## ആണ്ടുവട്ടം മുപ്പത്തിരണ്ടാം ഞായര്‍

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 87, 3**

കര്‍ത്താവേ, എന്റെ പ്രാര്‍ഥന അങ്ങേ മുമ്പില്‍ എത്തുമാറാകട്ടെ; എന്റെ നിലവിളിക്ക് അങ്ങ് ചെവി ചായിക്കണമേ.

**സമിതിപ്രാര്‍ഥന**

സര്‍വശക്തനും കാരുണ്യവാനുമായ ദൈവമേ, സകല വിപത്തുകളും ഞങ്ങളില്‍നിന്ന് ദയാപൂര്‍വം അകറ്റണമേ. അങ്ങനെ, മനസ്സിലും ശരീരത്തിലും ഒന്നുപോലെ മോചിതരായി അങ്ങേക്കുള്ളവ സ്വതന്ത്രമനസ്സോടെ ഞങ്ങള്‍ പിഞ്ചെല്ലുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ഥന**

കര്‍ത്താവേ, അര്‍പ്പിക്കപ്പെട്ട ബലിവസ്തുക്കള്‍ പ്രീതിപൂര്‍വം അങ്ങ് കടാക്ഷിക്കണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ പീഡാസഹനത്തിന്റെ രഹസ്യത്താല്‍, ഞങ്ങള്‍ അനുഷ്ഠിക്കുന്നത് സ്നേഹാദരപൂര്‍വം ഞങ്ങള്‍ അനുഗമനം ചെയ്യുമാറാകട്ടെ. കര്‍ത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 22, 1-2**

കര്‍ത്താവ് എന്നെ നയിക്കുന്നു, എനിക്കൊന്നിനും കുറവുണ്ടാവുകയില്ല. പച്ചയായ പുല്‍ത്തകിടിയില്‍ അവിടന്ന് എനിക്ക് വിശ്രമമരുളുന്നു. പ്രശാന്തമായ ജലാശയത്തിലേക്ക് അവിടന്ന് എന്നെ വഴിനടത്തുന്നു.

**അഥവാ** **ലൂക്കാ 24, 35**

അപ്പം മുറിക്കലില്‍ കര്‍ത്താവായ യേശുവിനെ ശിഷ്യന്മാര്‍ തിരിച്ചറിഞ്ഞു.

**ദിവ്യഭോജനപ്രാര്‍ഥന**

കര്‍ത്താവേ, ദിവ്യദാനത്താല്‍ പരിപോഷിതരായി, അങ്ങേ കാരുണ്യം കേണപേക്ഷിക്കുന്ന ഞങ്ങള്‍ അങ്ങേക്ക് കൃതജ്ഞതയര്‍പ്പിക്കുന്നു. അങ്ങേ ആത്മാവിന്റെ വര്‍ഷത്താല്‍, സ്വര്‍ഗീയശക്തി പ്രവേശിച്ചവരിലെല്ലാം നിഷ്കളങ്കതയുടെ കൃപ നിലനില്ക്കുമാറാകട്ടെ. കര്‍ത്താവായ...

# ആണ്ടുവട്ടം മുപ്പത്തിമൂന്നാം ഞായർ

**പ്രവേശകപ്രഭണിതം** **ജറെ 29, 11.12.14**

കർത്താവ് അരുൾചെയ്യുന്നു: സമാധാനത്തിന്റെ പദ്ധതികളാണ് ഞാൻ ചിന്തിക്കുന്നത്, ദുരിതത്തിന്റെയല്ല. നിങ്ങൾ എന്നെ വിളിച്ചപേക്ഷിക്കും, ഞാൻ നിങ്ങളെ ശ്രവിക്കും. നിങ്ങളെ ചിതറിച്ചിരിക്കുന്ന എല്ലാ സ്ഥലങ്ങളിലും നിന്ന് ഞാൻ നിങ്ങളെ ഒരുമിച്ചുകൂട്ടും.

**സമിതിപ്രാർഥന**

ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയോടുള്ള ഭക്തിയിൽ എപ്പോഴും ആനന്ദിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്തെന്നാൽ, നിലനില്ക്കുന്നതും സമ്പൂർണവുമായ ആനന്ദം സകല നന്മകളുടെയും ഉടയവന് നിരന്തരം ഞങ്ങൾ ശുശ്രൂഷചെയ്യുന്നതിലാണല്ലോ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ മഹിമപ്രഭാവത്തിനു മുമ്പിൽ സമർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങൾ ഭക്ത്യാദരത്തിന്റെ കൃപ ഞങ്ങൾക്ക് നേടിത്തരുകയും നിത്യാനന്ദത്തിന്റെ ഫലം ഞങ്ങൾക്ക് കരഗതമാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 72, 28**

ദൈവത്തോട് ചേർന്നുനില്ക്കുന്നതും ദൈവമായ കർത്താവിൽ പ്രത്യാശവയ്ക്കുന്നതുമാണ് എന്റെ ആനന്ദം

**അഥവാ** **മർക്കോ 11, 23-24**

കർത്താവ് അരുൾചെയ്യുന്നു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: പ്രാർഥിക്കുകും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്ക് ലഭിക്കുകതന്നെ ചെയ്യും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, എളിമയോടെ പ്രാർഥിച്ചുകൊണ്ട്, ദിവ്യരഹസ്യങ്ങളുടെ ദാനങ്ങൾ ഞങ്ങൾ സ്വീകരിച്ചുവല്ലോ. അങ്ങനെ, അങ്ങേ പുത്രൻ തന്റെ ഓർമയ്ക്കായി അനുഷ്ഠിക്കാൻ ഞങ്ങളോടു കല്പിച്ചവ ഞങ്ങളുടെ സ്നേഹത്തിന്റെ വർധനയ്ക്ക് ഉപകരിക്കുമാറാകട്ടെ. കർത്താവായ...

# ആണ്ടുവട്ടം മുപ്പത്തിനാലാം ഞായർ

ആണ്ടുവട്ടത്തിലെ അവസാന ഞായർ ആണ് സർവലോകരാജനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹോത്സവം ആഘോഷിക്കുന്നത്. pp.

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 84, 9**

കർത്താവ് തന്റെ ജനത്തിനും ഹൃദയപൂർവം തന്നിലേക്കു തിരിയുന്ന തന്റെ വിശുദ്ധർക്കും സമാധാനമരുളും.

**സമിതിപ്രാർഥന**

കർത്താവേ, അങ്ങേ വിശ്വാസികളുടെ മാനസങ്ങളെ ഉദ്ദീപിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, തിരുകർമത്തിന്റെ ഫലം കൂടുതൽ തീക്ഷ്ണതയോടെ നിറവേറ്റിക്കൊണ്ട്, അങ്ങേ കാരുണ്യത്തിന്റെ ഔഷധങ്ങൾ കൂടുതലായി അവർ അനുഭവിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങ് കല്പിച്ചതനുസരിച്ച് അങ്ങേ നാമത്തിന് സമർപ്പിക്കപ്പെട്ട തിരുമുല്കാഴ്ചകൾ സ്വീകരിക്കുന്നതിനും അവവഴി, അങ്ങേ സ്നേഹത്തിന് ഞങ്ങൾ അർഹരായി ഭവിക്കുന്നതിനും, അങ്ങേ കല്പനകൾ എപ്പോഴും പാലിക്കുന്നതിന് ഞങ്ങളെ അനുഗ്രഹിക്കണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 116, 1-2**

സകല ജനതകളേ, കർത്താവിനെ സ്തുതിക്കുവിൻ. എന്തെന്നാൽ, നമ്മോടുള്ള അവിടത്തെ സ്നേഹം സുദൃഢമാണ്.

**അഥവാ** **മത്താ 28, 20**

കർത്താവ് അരുൾചെയ്യുന്നു: യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.

**ദിവ്യഭോജനപ്രാർഥന**

സർവശക്തനായ ദൈവമേ, ദിവ്യമായപങ്കാളിത്തത്താൽ ആനന്ദിക്കാൻ അങ്ങിടയാക്കിയ ഇവരെ അങ്ങിൽ നിന്ന് ഒരിക്കലും വേർപിരിയാൻ അനുവദിക്കരുതെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

# ആണ്ടുവട്ടത്തിലെ കർത്താവിന്റെ മഹോത്സവങ്ങൾ

## പെന്തക്കൊസ്താ കഴിഞ്ഞു വരുന്ന ഞായർ
# പരമപരിശുദ്ധ ത്രിത്വം

### മഹോത്സവം

### പ്രവേശകപ്രഭണിതം

പിതാവായ ദൈവവും ദൈവത്തിന്റെ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവും വാഴ്ത്തപ്പെട്ടവനാകട്ടെ. എന്തെന്നാൽ, അവിടന്ന് തന്റെ കാരുണ്യം നമ്മിലേക്കു ചൊരിഞ്ഞു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു

### സമിതിപ്രാർഥന

പിതാവായ ദൈവമേ, സത്യത്തിന്റെ വചനത്തെയും വിശുദ്ധീകരണത്തിന്റെ ആത്മാവിനെയും ലോകത്തിലേക്ക് അയച്ചുകൊണ്ട്, അങ്ങേ അദ്ഭുതകരമായ രഹസ്യം മനുഷ്യർക്ക് അങ്ങു വെളിപ്പെടുത്തിയല്ലോ. സത്യവിശ്വാസത്തിന്റെ പ്രഘോഷണം വഴി നിത്യമായ ത്രിത്വത്തിന്റെ മഹത്ത്വം അംഗീകരിക്കാനും മഹാപ്രാഭവമുള്ള ഏകത്വം ആരാധിക്കാനും ഞങ്ങൾക്കനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

### നൈവേദ്യപ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേ നാമം വിളിച്ചപേക്ഷിക്കുന്നതുവഴി, ഞങ്ങളുടെ ശുശ്രൂഷയുടെ ഈ കാഴ്ചദ്രവ്യങ്ങൾ അങ്ങ് പവിത്രീകരിക്കുകയും അവയാൽ ഞങ്ങളെത്തന്നെ അങ്ങേക്ക് നിത്യമായ ഒരു കാഴ്ചവസ്തുവായി മാറ്റുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

ആമുഖഗീതി: പരമപരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

കർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

അങ്ങേ ഏകജാതനായ പുത്രനോടും പരിശുദ്ധാത്മാവോടും കൂടെ അങ്ങ് ഏകദൈവവും ഏക കർത്താവുമാകുന്നത് ഒരു വ്യക്തിയുടെ ഏകത്വത്തിലല്ല, പ്രത്യുത, ഒരു സത്തയുടെ ത്രിത്വത്തിലാണല്ലോ.

എന്തെന്നാൽ, അങ്ങേ മഹത്ത്വത്തെക്കുറിച്ച് അങ്ങു വെളിപ്പെടുത്തുന്നത് ഞങ്ങൾ വിശ്വസിക്കുന്നു; അത് അങ്ങയുടെ പുത്രനെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും ഒരു വ്യത്യാസവുമില്ലാതെ ഞങ്ങൾ അനുഭവിച്ചറിയുന്നു. അങ്ങനെ, സത്യവും സനാതനവുമായ ദൈവത്വത്തിന്റെ പ്രഖ്യാപനത്തിലൂടെ വ്യക്തിയിലുള്ള തനിമയും സത്തയിലുള്ള ഏകത്വവും മഹിമയിലുള്ള തുല്യതയും ആരാധിക്കപ്പെടുന്നു.

മാലാഖമാരും പ്രധാന മാലാഖമാരും കെരൂബുകളും സെറാഫുകളും അങ്ങയെ പ്രകീർത്തിക്കുന്നു. അവർ നിത്യേന, അവിരാമം, ഏകസ്വരത്തിൽ സ്തുതിച്ചുകൊണ്ട് ഉദ്ഘോഷിക്കുന്നു:

പരിശുദ്ധൻ..

## ദിവ്യഭോജന പ്രഭണിതം ഗലാ 4,6

എന്തെന്നാൽ, നിങ്ങൾ മക്കളായതുകൊണ്ട്, അബ്ബാ - പിതാവേ, എന്നു വിളിക്കുന്ന അവിടത്തെ പുത്രന്റെ ആത്മാവിനെ ദൈവം നിങ്ങളുടെ ഹൃദയങ്ങളിലേക്ക് അയച്ചിരിക്കുന്നു.

## ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, ഈ കൂദാശയുടെ സ്വീകരണവും നിത്യവും പരിശുദ്ധവുമായ ത്രിത്വത്തിന്റെയും അവിടത്തെ വ്യക്തിപരമായ ഏകത്വത്തിന്റെയും പ്രഖ്യാപനവും ഞങ്ങൾക്ക് ശരീരത്തിനും ആത്മാവിനും ആരോഗ്യത്തിനുപകരിക്കുമാറാകട്ടെ. കർത്താവായ...

## പരമപരിശുദ്ധ ത്രിത്വം കഴിഞ്ഞുവരുന്ന വ്യാഴം

# ക്രിസ്തുവിന്റെ പരമപരിശുദ്ധ ശരീരവും രക്തവും

### മഹോത്സവം

ക്രിസ്തുവിന്റെ പരമപരിശുദ്ധ ശരീരത്തിന്റെയും രക്തത്തിന്റെയും മഹോത്സവം കടമുള്ള ദിവസമില്ലാത്തിടങ്ങളിൽ, അതിന്റെ ഉചിതമായ ദിനമായി പരമ പരിശുദ്ധ ത്രിത്വത്തിനു ശേഷം വരുന്ന ഞായർ നിജപ്പെടുത്തിയിരിക്കുന്നു.

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 80,17**

അവിടന്ന് മേല്ത്തരം ഗോതമ്പുകൊണ്ട് അവരെ തീറ്റിപ്പോറ്റുകയും പാറയിൽ നിന്നുള്ള തേൻകൊണ്ട് അവരെ സംതൃപ്തരാക്കുകയും ചെയ്തു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

### സമിതിപ്രാർഥന

ദൈവമേ, വിസ്മയനീയമായ ഈ കൂദാശയിലൂടെ അങ്ങേ പീഡാസഹനത്തിന്റെ സ്മാരകം ഞങ്ങൾക്കു നല്കിയല്ലോ. അങ്ങേ ശരീരത്തിന്റെയും രക്തത്തിന്റെയും ദിവ്യരഹസ്യങ്ങൾ വണങ്ങാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങളിൽ അങ്ങേ പരിത്രാണത്തിന്റെ ഫലം നിരന്തരം ഞങ്ങൾ അനുഭവിക്കുമാറാകട്ടെ. പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ, പിതാവായ ദൈവത്തോടുകൂടെ എന്നെന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങ് ഞങ്ങളുടെ പ്രാർഥന കേട്ടരുളണമേ.

വിശ്വാസപ്രമാണം ചൊല്ലുന്നു

### നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങളർപ്പിച്ച കാഴ്ചദ്രവ്യങ്ങൾവഴി കൗദാശികമായി സൂചിപ്പിക്കപ്പെടുന്ന ഐക്യത്തിന്റെയും സമാധാനത്തിന്റെയും ദാനങ്ങൾ അങ്ങ് കാരുണ്യപൂർവം അങ്ങേ സഭയ്ക്ക് നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

ആമുഖഗീതി:പരമ പരിശുദ്ധ ദിവ്യകാരുണ്യം II അഥവാ I pp.

**ദിവ്യഭോജനപ്രഭണിതം** **യോഹ 6,57**

കർത്താവ് അരുൾ ചെയ്യുന്നു: എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഇഹലോകത്തിൽ അങ്ങേ അമൂല്യമായ ശരീരത്തിന്റെയും രക്തത്തിന്റെയും സ്വീകരണം സൂചിപ്പിക്കുന്ന അങ്ങേ ദൈവികപ്രകൃതിയുടെ നിത്യാനന്ദത്താൽ ഞങ്ങളെ നിറയ്ക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും ...

ദിവ്യബലിക്കുശേഷം പ്രദക്ഷിണം നടത്തുന്നത് ഉചിതമായിരിക്കും. പ്രദക്ഷിണത്തിൽ ഉപയോഗിക്കുന്ന ഓസ്തി ആ ദിവ്യബലിയിൽത്തന്നെ കൂദാശ ചെയ്യപ്പെടുന്നു. എങ്കിൽത്തന്നെയും, ദിവ്യബലിക്കുശേഷം, പൊതുവായതും ദൈർഘ്യമേറിയതുമായ ആരാധാന കഴിഞ്ഞും പ്രദക്ഷിണം നടത്താൻ ഒരു തടസ്സവുമില്ല. ദിവ്യബലിക്കുശേഷമാണ് പ്രദക്ഷിണമെങ്കിൽ, വിശ്വാസികളുടെ ദിവ്യകാരുണ്യസ്വീകരണം കഴിഞ്ഞ്, കൂദാശചെയ്ത ഓസ്തി അരുളിക്കയിൽവച്ച് അൾത്താരയിൽ സ്ഥാപിക്കുന്നു. ദിവ്യഭോജനപ്രാർഥന ചൊല്ലിയതിനുശേഷം സമാപനകർമങ്ങൾ വിട്ടുകളയുന്നു, പ്രദക്ഷിണം ക്രമീകരിക്കപ്പെടുന്നു.

പെന്തക്കൊസ്താ കഴിഞ്ഞുവരുന്ന രണ്ടാം ഞായറിനുശേഷമുള്ള വെള്ളി

# യേശുവിന്റെ തിരുഹൃദയം

മഹോത്സവം

**പ്രവേശകപ്രഭണിതം** **സങ്കീ 32,11-19**

അവിടത്തെ ഹൃദയത്തിന്റെ പദ്ധതികൾ തലമുറകളോളം നിലനില്ക്കുന്നു, അങ്ങനെ, അവിടന്ന് അവരുടെ മാനസങ്ങളെ മരണത്തിൽനിന്നു രക്ഷിക്കുകയും ക്ഷാമത്തിൽ അവരെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, അങ്ങേ പ്രിയപുത്രന്റെ ഹൃദയത്തിൽ അഭിമാനിച്ചുകൊണ്ട് അവിടത്തെ സ്നേഹത്തിന്റെ വിസ്മയനീയമായ അനുഗ്രഹങ്ങൾ അനുസ്മരിക്കുന്ന ഞങ്ങൾ ആ സ്വർഗീയനീരുറവയിൽനിന്ന് നിറഞ്ഞുകവിയുന്ന കൃപ സ്വീകരിക്കാൻ അർഹരാകണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടു കൂടെ ...

അഥവാ

ദൈവമേ, ഞങ്ങളുടെ പാപങ്ങളാൽ മുറിവേല്പിക്കപ്പെട്ട അങ്ങേ പുത്രന്റെ ഹൃദയത്തിലുള്ള സ്നേഹത്തിന്റെ അനന്തനിധി ഞങ്ങൾക്ക് കാരുണ്യപൂർവം പ്രദാനംചെയ്യാൻ തിരുവുള്ളമാകണമേ. അങ്ങനെ, ഞങ്ങളുടെ ഭക്തിയുടെ സ്നേഹാദരങ്ങൾ അവിടത്തേക്കു നല്കി, അനുയുക്തമായ പാപപരിഹാരത്തിന്റെ ശുശ്രൂഷ ഞങ്ങൾ പ്രകടമാക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു

**നൈവേദ്യ പ്രാർഥന**

കർത്താവേ, അങ്ങേ പ്രിയപുത്രന്റെ ഹൃദയത്തിലെ അവാച്യമായ സ്നേഹം കടാക്ഷിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങൾ സമർപ്പിക്കുന്നത് അങ്ങേക്ക് സ്വീകാര്യമായ കാഴ്ചയും ഞങ്ങളുടെ പാപങ്ങളുടെ പരിഹാരവും ആയിത്തീരട്ടെ. കർത്താവായ...

ആമുഖ ഗീതി: ക്രിസ്തുവിന്റെ അളവറ്റ സ്നേഹം

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

കർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

കുരിശിൽ ഉയർത്തപ്പെട്ട്, അവിടന്ന് നമുക്കുവേണ്ടി വിസ്മയനീയമായ സ്നേഹത്താൽ തന്നത്തന്നെ നല്കുകയും സഭയുടെ കൂദാശകൾ നിർഗളിക്കുന്ന, കുത്തിത്തുറക്കപ്പെട്ട വിലാവിൽ നിന്ന്, ചോരയും നീരും ചൊരിയുകയും ചെയ്തു. അങ്ങനെ, രക്ഷകന്റെ തുറന്ന ഹൃദയത്തിലേക്ക് ആകർഷിക്കപ്പെട്ട്, രക്ഷയുടെ ആ നീരുറവയിൽ നിന്ന് എല്ലാവരും സന്തോഷപൂർവം നിരന്തരം കോരിയെടുക്കുന്നുവല്ലോ.

ആകയാൽ, എല്ലാ വിശുദ്ധരോടും മാലാഖമാരോടും കൂടെ, അവിരാമം ഞങ്ങളങ്ങയെ പ്രകീർത്തിച്ച് പാടിസ്തുതിക്കുന്നു:

പരിശുദ്ധൻ...

## ദിവ്യഭോജനപ്രഭണിതം — യോഹ 7, 37-38

കർത്താവ് അരുൾചെയ്യുന്നു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും.

**അഥവാ — യോഹ 19,34**

പടയാളികളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ട് കുത്തി; ഉടനേ അതിൽനിന്ന് രക്തവും വെള്ളവും പുറപ്പെട്ടു.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്നേഹത്തിന്റെ ഈ കൂദാശ ഞങ്ങളെ ദിവ്യസ്നേഹത്താൽ തീക്ഷ്ണത ഉള്ളവരാക്കട്ടെ. അതുവഴി, അങ്ങേ പുത്രനിലേക്ക് നിരന്തരം ആകർഷിക്കപ്പെട്ട്, സഹോദരങ്ങളിൽ അവിടത്തെ ദർശിക്കാൻവേണ്ട അറിവ് ഞങ്ങൾ സമ്പാദിക്കുമാറാകട്ടെ. എന്നെന്നും...

### ആണ്ടുവട്ടത്തിലെ അവസാന ഞായർ

# സർവലോകരാജനായ നമ്മുടെ കർത്താവായ യേശുക്രിസ്തു

## മഹോത്സവം

**പ്രവേശകപ്രഭണിതം** **വെളി 5, 12;1,6**

കൊല്ലപ്പെട്ട കുഞ്ഞാട് ശക്തിയും ദിവ്യത്വവും ജ്ഞാനവും ആധിപത്യവും ബഹുമാനവും സ്വീകരിക്കാൻ യോഗ്യനാണ്. അവിടത്തേക്ക് മഹത്ത്വവും പ്രതാപവും എന്നേക്കും ഉണ്ടായിരിക്കട്ടെ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, സർവലോകത്തിന്റെയും രാജനായ അങ്ങേ പ്രിയപുത്രനിൽ സമസ്തവും ക്രമീകരിക്കാൻ അങ്ങ് തിരുമനസ്സായല്ലോ. അടിമത്തത്തിൽനിന്ന് മോചനം നേടി, സകല സൃഷ്ടിജാലങ്ങളും അങ്ങേ മഹിമാവിന് നിരന്തരം ശുശ്രൂഷ ചെയ്യാനും അനവരതം അങ്ങയെ വാഴ്ത്തിപ്പുകഴ്ത്താനും കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

**നൈവേദ്യപ്രാർഥന**

കർത്താവേ, മാനവവംശത്തെ അങ്ങയോട് രമ്യതപ്പെടുത്തുന്ന ഈ ബലി അങ്ങേക്കർപ്പിച്ച് ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, അങ്ങേ പുത്രൻതന്നെ സകല ജനതകൾക്കും ഐക്യത്തിന്റെയും സമാധാനത്തിന്റെയും ദാനങ്ങൾ നല്കുമാറാകട്ടെ. എന്നേന്നും...

ആമുഖഗീതി: ലോകരാജനായ ക്രിസ്തു

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

അങ്ങേ ഏകജാതനായ പുത്രനെ, ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിനെ നിത്യപുരോഹിതനും സർവലോകത്തിന്റെയും രാജാവുമായി ആനന്ദതൈലംകൊണ്ട് അങ്ങ് അഭിഷേചിച്ചുവല്ലോ. അങ്ങനെ, അവിടന്ന് തന്നത്തന്നെ കുരിശിന്റെ അൾത്താരയിൽ നിർമലവും സമാധാനദായകവുമായ ബലിയർപ്പിച്ചുകൊണ്ട്, മാനവ പരിത്രാണത്തിന്റെ രഹസ്യങ്ങൾ പൂർത്തീകരിക്കുകയും സർവസൃഷ്ടിജാലങ്ങളെയും തന്റെ അധികാരത്തിൻകീഴിലാക്കി, അങ്ങേ മഹാമഹിമയ്ക്കായി സത്യത്തിന്റെയും ജീവന്റെയും രാജ്യം, പരിശുദ്ധിയുടെയും കൃപയുടെയും രാജ്യം, നീതിയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും രാജ്യം പ്രദാനം ചെയ്യുകയും ചെയ്തു.

ആകയാൽ ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ തുടങ്ങിയ എല്ലാ സ്വർഗീയവൃന്ദങ്ങളോടുംചേർന്ന് അങ്ങയുടെ മഹത്ത്വത്തെ പ്രകീർത്തിച്ച് ഞങ്ങൾ അവിരാമം ആലപിക്കുന്നു

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം സങ്കീ 28, 10-11**

കർത്താവ് എന്നേക്കും രാജാവായി സിംഹാസനത്തിൽ വാഴുന്നു; കർത്താവ് തന്റെ ജനത്തെ സമാധാനം നല്കി അനുഗ്രഹിക്കട്ടെ.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അമർത്യതയുടെ ഭോജനം സ്വീകരിച്ചുകൊണ്ട് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, സർവലോകത്തിന്റെയും രാജാവായ ക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കുന്നതിൽ ഞങ്ങൾ അഭിമാനംകൊണ്ട്, അവിടത്തോടുകൂടെ സ്വർഗരാജ്യത്തിൽ നിത്യമായി ജീവിക്കാൻ ഞങ്ങൾ പ്രാപ്തരാകുമാറാകട്ടെ. എന്നെന്നും...